## അല്ലാഹുവിന്റെ വചനം

فَمَنۡ اَظۡلَمُ مِمَّنِ افۡتَرٰی
عَلَی اللّٰہِ کَذِبًا اَوۡ کَذَّبَ بِاٰیٰتِہٖ ؕ
اِنَّہٗ لَا یُفۡلِحُ الۡمُجۡرِمُوۡنَ ﴿۱۸﴾

അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അല്ലെങ്കിൽ അവന്റെ ദൃഷ്ടാന്തങ്ങളെനിഷേധിക്കുകയോചെയ്യുന്നവനേക്കൾ അക്രമി മറ്റാരുണ്ട്? തീർച്ചയായും കുറ്റവാളികൾ വിജയിക്കുകയില്ല.

(വിശുദ്ധ ഖുർആൻ 10:18)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 9

ലക്കം 24

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ജൂൺ 13/ ഹി.ശം 1403 ഇഹ്സാൻ 13/1445 ദുൽഹജ്ജ് 6


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2581)ഹദ്റത്ത് ആഇശ(റ)പറയുന്നു:തീർച്ചയായും നബി(സ)തിരുമേനിയുടെ ഭാര്യമാർ രണ്ടു പാർട്ടിയായിരുന്നു. ആഇശ, ഹഫ്സ, സ്വഫിയ്യ, സൗദ(റ)എന്നിവർ ഒരു പക്ഷത്തും ഉമ്മുസലമയും(റ)മറ്റെല്ലാ ഭാര്യമാരും മറിപക്ഷത്തുമായിരുന്നു.നബി(സ)തിരുമേനിക്ക് ആഇശയോടുള്ള സ്നേഹത്തെ കുറിച്ച് മുസ്ലിമീങ്ങൾ മനസ്സിലാക്കിയിരുന്നു. അവരിലാരുടെയെങ്കിലും അടുക്കൽ നബി(സ)തിരുമേനി നല്കുവാൻ ഉദ്ദേശിക്കുന്ന എന്തെങ്കിലും സമ്മാനമുണ്ടായിരുന്നുവെങ്കിൽ അതു സൂക്ഷിച്ചു വെക്കും. ശേഷം നബി(സ)തിരുമേനി ആഇശയുടെ വീട്ടിൽ താമസിക്കുന്ന ദിവസം അത് അവിടുത്തേക്ക് കൊടുത്തയക്കും.

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്(റ)പറയുന്നു:ഇമാം ഇബ്നു ഹജർ(റഹ്)നബി(സ)തിരുമനിയുടെ ഉത്തമമായ സ്വഭാവവിശേഷത്തെ കുറിച്ച് അതിസൂക്ഷ്മമായൊരു വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അതായത് സമ്മാനങ്ങൾ തുടങ്ങിയവ അയക്കുന്നതിനെ പറ്റി ആർക്കെങ്കിലും നിർദേശങ്ങൾ കൊടുക്കുന്നത് തെറ്റല്ല. നബി(സ)തിരുമേനി സ്വഹാബത്തിനോടു പറയാറുണ്ടായിരുന്നു, ഒരു ഭാര്യയുടെ ഊഴം തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ, ഏതൊരു ഭാര്യയുടെ വീട്ടിലാണോ അവിടുന്നുള്ളത് അവിടെ സമ്മാനം അയക്കുകയെന്ന്. ഇതിലും നബി(സ)തിരുമേനിക്ക് സമ്മാനം അയക്കുന്നതിനുള്ള സൂചനയാണുള്ളത്. അതുകൊണ്ട് നബി(സ)തിരുമേനി അതും സഹിച്ചിരുന്നില്ല, മൗനം പാലിച്ചിരുന്നു. സമ്മാനം കൊടുക്കുന്നതിലും കൊടുക്കാതിരിക്കുന്നതിലും എല്ലാവരും സ്വതന്ത്രരാണ്. ഇഷ്ടമുള്ളവർക്ക് കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യാം. അത്തരം കാര്യങ്ങളിൽ കൈകടത്തുന്നത് ഉൽകൃഷ്ട സ്വഭാവത്തിന് വിരുദ്ധമാണ്. സ്ത്രീകൾക്ക് നീതിയുടെ കാര്യത്തിലും തെറ്റുധാരണ ഉണ്ടായിരുന്നു. നീതിയുടെ ബന്ധം ഭർത്താവിന്റെ സത്തയുമായിട്ടാണ്. അല്ലാതെ മറ്റുള്ളവരുടെ ഇഷ്ടമനുസരിച്ചല്ല. (ബുഖാരി കിതാബുൽഹിബ മൻ അഹദാ ഇലാ സാഹിബിഹി)

### ഈ ലക്കത്തിൽ


മൽഫൂദാത്ത്
ഹദ്റത്ത് മസീഹ് മൗഊദ്(അ)

ജുമുഅ ഖുത്ബ 2023 മേയ് 10
(സമ്പൂർണ തർജമ)

ജർമൻപര്യടനം


**വിശുദ്ധ ഖുർആനോട് ഇണങ്ങിച്ചേരാത്തവനും രാവും പകലും മറ്റു ഗ്രന്ഥങ്ങളുടെ മുമ്പിൽ കുമ്പിട്ടിരിക്കുന്നവനും അവിശ്വസ്തനാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഹദീഥുകളുടെ ഈ ശേഖരംമാത്രം വിശ്വാസത്തിന്റേയും ആശ്രയഭാവത്തിന്റേയും അഭിമാനമായിരിക്കുകയും നമ്മുടെ കൈവശം ഖുർആനില്ലാതിരിക്കുകയുമായിരുന്നെങ്കിൽ ലജ്ജകൊണ്ടു നമുക്ക് ജനങ്ങളെ മുഖംപോലും കാണിക്കാൻ പറ്റില്ലായിരുന്നു. ഞാൻ ഖുർആൻ എന്ന പദത്തിൽ ചിന്തിച്ചു. അപ്പോൾ ഈ അനുഗൃഹീത പദത്തിൽ ശക്തമായൊരു പ്രവചനമുണ്ടെന്നാണ് എന്നിൽ തുറക്കപ്പെട്ടത്. അതിതാണ്: ഈ ഖുർആൻതന്നെയാണ് പഠനാർഹമായിട്ടുള്ളത്. ഒരു കാലത്ത് ഇത് കൂടുതൽ പഠനാർഹമായ ഗ്രന്ഥമായിരിക്കും. അപ്പോൾ മറ്റുഗ്രന്ഥങ്ങളും വായിക്കുന്നതിൽ ഇതിനോടൊപ്പം ചേർക്കുന്നതായിരിക്കും. അക്കാലത്ത് ഇസ്ലാമിന്റെ ആദരവും കാത്തുസൂക്ഷിക്കുന്നതിനും കളവാക്കലിനെ ഉന്മൂലനം ചെയ്യുന്നതിനും ഈ ഒരു ഗ്രന്ഥമായിരിക്കും പഠനാർഹമായിട്ടുണ്ടാകുക. മറ്റു ഗ്രന്ഥങ്ങൾ ഖണ്ഡിതമായും തള്ളിക്കളയുന്നതായിരിക്കും. ഫുർഖാൻ എന്നതിന്റെ അർഥവും അതുതന്നെയാണ്. അതായത് സത്യാസത്യവിവേചനത്തിന് ഈ ഒരു ഗ്രന്ഥമായിരിക്കും നിശ്ചയിക്കപ്പെടുന്നത്. ഹദീഥിന്റേയോ മറ്റേതെങ്കിലും ഗ്രന്ഥങ്ങളുടേയോ നില ഇതുപോലെ ഉണ്ടായിരിക്കുകയില്ല. (പറഞ്ഞു:വലിയ ശക്തിയോടും താക്കീതോടും കൂടി പറഞ്ഞു:)ഇപ്പോൾ സകലഗ്രന്ഥങ്ങളും ഉപേക്ഷിച്ചുകൊള്ളുക. അല്ലാഹുവിന്റെ ഗ്രന്ഥം മാത്രം വായിക്കുക. വിശുദ്ധ ഖുർആനിൽ ഇണങ്ങിച്ചേരാത്തവനും രാവും പകലും മറ്റു ഗ്രന്ഥങ്ങളുടെ മുമ്പിൽ കുമ്പിട്ടിരിക്കുന്നവനും അവിശ്വസ്തനാണ്. നമ്മുടെ ജമാഅത്ത് വിശുദ്ധ ഖുർആന്റെ പ്രവൃത്തിയിലും ചിന്തയിലും ആത്മാർഥമായി മുഴുകേണ്ടതാണ്. ഹദീഥുകളുടെ പ്രവൃത്തികൾ ഉപേക്ഷിക്കുക. ഹദീഥുകൾക്ക് കൊടുക്കുന്ന പരിഗണനയും പഠിപ്പിക്കലും വിശുദ്ധ ഖുർആന് നല്കാത്തത് വളരെ ദുഃഖകരമായ കാര്യമാണ്. ഇക്കാലത്ത് വിശുദ്ധ ഖുർആന്റെ ആയുധം കൈയിലെടുത്താൽ വിജയം നിങ്ങളുടേതാണ്. ഈ പ്രകാശത്തിന്റെ മുമ്പിൽ ഒരു ഇരുട്ടിനും പിടിച്ചുനിൽക്കാൻ കഴിയുകയില്ല.(മൽഫൂദാത്ത് വാല്യം 2, പേജ് 9, 2018 പതിപ്പ് ഖാദിയാൻ)

**മസ്ജിദുകൾ മുഅ്മിനീങ്ങൾ സംഘടിക്കുന്ന സ്ഥലമാണ്. ദുആകളുടെയും ദിക്റെ ഇലാഹിയുടെയും സ്ഥലമാണ്. അത്തരം സ്ഥലത്തുനിന്ന് സത്യസന്ധനായ പ്രേമിക്കും ബന്ധം വെക്കുന്നവനുമായ മനുഷ്യന് വേർപെട്ടിരിക്കാൻ സാധ്യമല്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ് സൂറത്തുൽ ഹജ്ജിലെ 27-ാമത്തെ വചനമായ വ ഇദ് ബവ്വഅ്നാ ലി ഇബ്റാഹീമ മകാനൽബയ്ത്തി അൻല്ലാ തുശ്രിക് ബീ ശയ്അൻ വ്വത്വഹ്ഹിർ ബയ്ത്തിയ ലിത്ത്വാഇഫീന വൽഖാഇമീന വർറുക്കയിസ്സുജൂദ്(ഓർക്കുക, ഇബ്റാഹീമിനു നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം.(നാം അദ്ദേഹത്തോടു കല്പിച്ചു:) നീ എനിക്ക് ഒരുവസ്തുവിനേയും പങ്കാളിയാക്കിവെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടുകൊണ്ട് ആരാധനനടത്തുന്നവർക്കും വേണ്ടിഎന്റെ മന്ദിരത്തെ ശുദ്ധമാക്കിവെക്കുക)എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: എന്തുകൊണ്ടെന്നാൽ ലോകത്തിലെ സകല മസ്ജിദുകളും ബയ്ത്തുല്ലാഹ് ആകുന്നു. കാരണം അതും അല്ലാഹുവിനെ സ്മരിക്കുന്നതിന് പ്രത്യേകമാക്കപ്പെട്ടിട്ടുള്ളതാണ്. ബയ്ത്തുല്ലായുടെ ഛായ എന്ന നിലയിൽ അല്ലാഹു അവ സ്ഥാപിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഈ കൽപനകൾ ബയ്ത്തുല്ലായ്ക്ക് മാത്രം പ്രത്യേകമാക്കപ്പെട്ടിട്ടുള്ളതല്ല, പ്രത്യുത എല്ലാ മസ്ജിദുകൾക്കും ഛായാപരമായ നിലയിൽ ചേർന്നതായിരിക്കുന്നു.

ഈ രീതിയിൽ ചിന്തിക്കുകയാണെങ്കിൽ ഈ ആയത്തിൽ മസ്ജിദുകളുടെ മൂന്ന് സുപ്രധാനമായ ഉദ്ദേശ്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നതായി മനസ്സിലാകുന്നു.

ഒന്ന്: മസ്ജിദുകൾ നിർമിക്കപ്പെട്ടിരിക്കുന്നത് യാത്രക്കാർ അവയിൽനിന്ന് ഫലമെടുക്കാനാണ്.

രണ്ട്: മസ്ജിദുകൾ നിർമിക്കപ്പെട്ടിരിക്കുന്നത് നഗരത്തിൽ വസിക്കുന്നവർ അവയിൽനിന്ന് ഫലമെടുക്കാനാണ്.

മൂന്ന്:മസ്ജിദുകൾ നിർമിക്കപ്പെട്ടിരിക്കുന്നത് റുക്കൂളം സുജൂദും ചെയ്യുന്നവർ അതായത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തങ്ങളുടെ ജീവിതം സമർപിക്കുന്നവരും തികഞ്ഞ തൗഹീദിൽ നിലകൊള്ളുന്നവരും അവയിൽനിന്ന് ഫലമെടുക്കാനാണ്.

യാത്രക്കാർ മസ്ജിദിൽനിന്ന് ഫലമെടുക്കുന്നത് ഏതു രീതിയിലാണെന്നാൽ, അവർക്കു താമസിക്കാൻ മറ്റു സ്ഥലമൊന്നും കിട്ടിയില്ലെങ്കിൽ അവരതിൽ കുറച്ചുദിവസം താമസിച്ച് ആ ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷപ്പെടുക. താമസിക്കുന്നവർ എങ്ങനെയാണ് പ്രയോജനപ്പെടുത്തുക. മസ്ജിദ് ഒച്ചപ്പാടുകളിൽനിന്നും ബഹളങ്ങളിൽനിന്നും സുരക്ഷിതമായിട്ടുള്ള സ്ഥലമാണ്. അവർക്ക് അവിടെ ഇരുന്ന് സമാധാനത്തോടും ശാന്തിയോടുംകൂടി ദുആകൾ ചെയ്യാവുന്നതാണ്. തന്റെ റബ്ബുമായി ഭാഷണത്തിൽ ഏർപെടാവുന്നതാണ്. ആരാണോ തങ്ങളുടെ ജിവിതം അല്ലാഹുവിന്റെ ദീനിനുവേണ്ടി സമർപിക്കുന്ന

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- നബി(സ)തിരുമേനിയുടെ മനുഷ്യജീവിതത്തിന്റെ മൂല്യത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ ശത്രുഗോത്രങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് ഒരു ഉപായം കണ്ടെത്തി, അതായത് ബാക്കിയുള്ളവർ രക്ഷപ്പെടുന്നതിന് ഒരാളെ വധിക്കുന്നതാണ് ഉത്തമം. ഇത് മാനുഷികമായ സഹതാപത്തിന്റെ മിഅ്റാജാണ്.
- സരിയ്യ എന്നതിന്റെ വിവക്ഷിതം നബി(സ)തിരുമേനി നേരിട്ട് പങ്കെടുക്കാത്തതും എന്നാൽ, മറ്റുള്ളവരെ പറഞ്ഞയച്ചിരുന്നതുമായ യുദ്ധങ്ങളാണ്.
- സുഫിയാൻ ബിൻ ഖാലിദ് മദീനയെ ആക്രമിക്കാൻ ഒരു സൈന്യത്തെ തയ്യാറാക്കുന്നുണ്ടെന്ന് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ തികച്ചും വ്യതിരിക്തമായ ഒരു സൈനിക നീക്കം നടത്തുകയാണുണ്ടായത്. അതായത് സുഫിയാനെതിരിൽ ഒരു സൈന്യത്തെ അയച്ച് ഇരു ഭാഗത്തും രക്തച്ചൊരിച്ചലുണ്ടാക്കുന്നതിനു പകരം കലാപത്തിനുവേണ്ടി സൈന്യത്തെ തയ്യാറാക്കുന്ന തലവനെ യുക്തിപൂർവം അവസാനിപ്പിക്കാമെന്ന് പദ്ധതിയിട്ടു.
- നബി(സ)തിരുമേനി അയാളെപ്പറ്റി പറഞ്ഞു തന്നിരുന്നതു കാരണം ഞാൻ അയാളെ പെട്ടെന്ന് തിരിച്ചറിഞ്ഞു. കാരണം ആരേയും ഭയപ്പെട്ടിട്ടില്ലാത്ത ഞാൻ അയാളെ കണ്ടതും ഭയപ്പെട്ടുപോയി. അല്ലാഹുവും റസൂലും പറഞ്ഞത് സത്യമാണെന്ന് ഞാൻ മനസ്സിൽ പറയുകയും ചെയ്തു.
- സരിയ്യ ഹദ്റത്ത് അബൂസലമ(റ), സരിയ്യ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സ്(റ), സരിയ്യ റജീഅ് എന്നിവയുടെ വെളിച്ചത്തിൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ ചരിതത്തിന്റെ ഈമാൻ ദൃഢതരമാക്കുന്ന ചർച്ച)
- യമനിലേയും പാക്കിസ്താനിലേയും ദൈവമാർഗത്തിൽ തടവിൽകഴിയുന്ന പീഢിതർക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനം

**ഖുത്ബ ജുമുഅ 2024 മേയ് 10/1403 ഹിജ്റത്ത് 10**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലെ ചില സരിയ്യത്തുകളെ സംബന്ധിച്ച് പറയുന്നതാണ്. ഇതിൽ ആദ്യത്തേത് ബനൂഅസദ് ഗോത്രത്തിന്റെ ദ്രോഹങ്ങളേയും അബൂസലമ സരിയ്യേയും കുറിച്ചുള്ളതാണ്. സരിയ്യ എന്നതിന്റെ വിവക്ഷിതം നബി(സ)തിരുമേനി നേരിട്ട് പങ്കെടുക്കാത്തതും എന്നാൽ, മറ്റുള്ളവരെ പറഞ്ഞയച്ചിരുന്നതുമായ യുദ്ധങ്ങളാണ്. നബി(സ)തിരുമേനിയുടെ യുക്തിബോധത്തെ പറ്റിയും എങ്ങനെയാണ് മുസ്‌ലിമീങ്ങളെ പ്രതിരോധിച്ചതെന്നും പിന്നെ ശത്രുക്കളോടുപോലും എത്രമാത്രം അനുകമ്പ കാണിച്ചുവെന്നുമുള്ള കാര്യങ്ങളിൽ നബി(സ) തിരുമേനിയുടെ ഉത്തമ സ്വഭാവത്തെ സംബന്ധിച്ചും ഈ സരിയ്യത്തുകൾ വെളിച്ചം വീശുന്നുണ്ട്. ഏതായാലും ഈ സരിയ്യ ഹിജ്റ 4-ാം വർഷം മുഹർറ മാസത്തിലാണുണ്ടായത്. ഇതിന്റെ നേതൃത്വം വഹിച്ചത് ഹദ്റത്ത് അബൂസലമ ബിൻ അബ്ദുൽ അസദ് മഖ്സൂമി(റ) ആയിരുന്നു.(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 424, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)

അബൂസലമയുടെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. അബൂസലമ വിളിപ്പേരായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ബർറ ബിൻത് അബ്ദുൽ മുത്വലിബ് ആയിരുന്നു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ പിതൃസഹോദരീ പുത്രനും ഹദ്റത്ത് ഹംസ(റ)യുടെ മുലകുടി ബന്ധത്തിലുള്ള സഹോദരനുമാണ്. ഇദ്ദേഹം അബൂലഹബിന്റെ അടിമയായ നുവയ്ബയുടെ പാൽ കുടിച്ചിട്ടുണ്ട്. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഉമ്മുസലമ ആദ്യം ഇവരുടെ ഭാര്യയായിരുന്നു.(ഉസുദുൽ ഗാബ, വാള്യം 3, പേജ് 424, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)

ഹദ്റത്ത് അബൂസലമ(റ) ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഉഹുദു യുദ്ധത്തിൽ ഇദ്ദേഹത്തിന് പരിക്കേറ്റിരുന്നു. ഒരു മാസത്തോളം അത് ചികിത്സിച്ചു കൊണ്ടിരുന്നു. പ്രത്യക്ഷത്തിൽ പരിക്ക് സുഖമായെങ്കിലും പക്ഷേ, അത് വ്യാപിക്കുകയുണ്ടായി. ആർക്കും അത് തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 182, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)

ഈ യുദ്ധത്തിന്റെ പശ്ചാത്തലം ഇപ്രകാരമാകുന്നു: മദീനയിൽ വസിക്കുന്ന മുനാഫിഖീങ്ങളും യഹൂദികളും ഉഹുദുയുദ്ധത്തിന്റെ അവസ്ഥകളും സംഭവങ്ങളും കാരണം സന്തോഷിക്കാൻ തുടങ്ങിയിരുന്നു. മുസ്‌ലിമീങ്ങളെ എത്രയുംവേഗം നശിപ്പിക്കാൻ പദ്ധതിയിടാമെന്നും അവർ മനസ്സിൽക്കരുതി. അതുപോലെ തന്നെ ബദ്ർ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് ലഭ്യമായ മഹത്തായ വിജയത്തിൽ ഭയപ്പെട്ടുകഴിഞ്ഞിരുന്ന മദീനക്ക് ചുറ്റുപാടുമുണ്ടായിരുന്ന ഗോത്രങ്ങളും, ഉഹുദിൽ മുസ്‌ലിമീങ്ങൾക്ക് വമ്പിച്ച നഷ്ടം സംഭവിച്ചിരിക്കുന്നുവെന്നും അതുകൊണ്ട് മുസ്‌ലിമീങ്ങളെ ആക്രമിച്ച് കൂടുതൽ നഷ്ടങ്ങൾ വരുത്തുകയും അങ്ങനെ അവരെ കൊള്ളയടിച്ച് അവരുടെ സമ്പത്ത് കരസ്ഥമാക്കാമെന്നും ചിന്തിച്ചുതുടങ്ങി. ഉഹുദു യുദ്ധം കഴിഞ്ഞ് രണ്ടു മാസമേ ആയിട്ടുണ്ടായിരുന്നുള്ളൂ. ഈ ഗോത്രങ്ങളിൽ ഏറ്റവുമധികം മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ പ്രോഗ്രാമുണ്ടാക്കിയത് ബനൂഅസദ് ബിൻ ഖുസയ്മ ആയിരുന്നു. ഇവർ നജദിലാണ് വസിച്ചിരുന്നത്. ഈ ഗോത്രത്തിന്റെ തലവൻ ത്വുലയ്ഹ ബിൻ ഖുവയ്ലിദും അയാളുടെ സഹോദരൻ സലമ ബിൻ ഖുവയ്ലിദും ജനങ്ങളെ ഒരുമിച്ചു കൂട്ടി ഒരു സൈന്യത്തെ തയ്യാറാക്കി.

ബനൂ അസദിലെ ഖയ്സ് ബിൻ ഹാരിഥ് ബിൻ ഉമയ്ർ എന്നൊരാൾ തന്റെ ഗോത്രത്തോടു മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്യരുതെന്ന് ഉപദേശിച്ചുകൊണ്ടു പറഞ്ഞു: അല്ലയോ എന്റെ ജനമേ! ഇത് ബുദ്ധിപരമായ നീക്കമല്ല. നമുക്ക് മുസ്‌ലിമീങ്ങളിൽനിന്ന് ഒരു നഷ്ടവും നേരിടേണ്ടി വന്നിട്ടില്ല.

നമുക്ക് മുസ്‌ലിമീങ്ങൾ നഷ്ടം വരുത്തിയിട്ടുമില്ല. അവർ നമ്മളെ കൊള്ളയടിക്കാൻ യുദ്ധം ചെയ്തിട്ടുമില്ല. നമ്മുടെ പ്രദേശം യഥ്‌രിബ് അതായത് മദീനയിൽനിന്ന് ദൂരെയാകുന്നു. നമ്മുടെ പക്കൽ ഖുറയ്ശികൾക്കുള്ളതുപോലെ സൈന്യവുമില്ല. ഖുറയ്ശികൾ നീണ്ടകാലമായി അറബികളോടു സഹായം തേടിക്കൊണ്ടിരുന്നു. മാത്രമല്ല അവർക്ക് ഇവരോടു പകരം വീട്ടാനുമുണ്ട്. പിന്നെ ഒട്ടകങ്ങളിൽ സവാരി ചെയ്തുകൊണ്ടും കുതിരപ്പട്ടാളത്തെ നയിച്ചുകൊണ്ടുമാണ് അവർ നീങ്ങുന്നത്. മുവായിരം യോദ്ധാക്കളേയും തങ്ങളുടെ അനുയായികളുടെ വലിയൊരു സൈന്യത്തേയും കൂട്ടിയിട്ടുമുണ്ട്.വളരെയേറെ ആയുധക്കോപ്പുകളുമുണ്ട്. അവർക്കു മുന്നിൽ നിങ്ങൾക്കെന്ത് പ്രസക്തിയാണുള്ളത്? നിങ്ങൾ ഏറെക്കുറെ മുന്നൂറു പേരുമായിട്ടാണ് പോകുക. ഇങ്ങനെ നിങ്ങൾ സ്വയം വഞ്ചിതരാകുന്നതും സ്വന്തം നാട്ടിൽനിന്ന് അകലെയായി പോകുന്നതുമാണ്. നിങ്ങൾ ആപത്തുകളിൽ അകപ്പെടുമോ എന്നു ഞാൻ ഭയപ്പെടുന്നു. പക്ഷേ, അവർ ഖയ്സിന്റെ ഈ ഉപദേശം സ്വീകരിച്ചില്ല. അതേസമയം ബനൂഅസദ് മദീനയെ ആക്രമിക്കാൻ പദ്ധതിയിടുന്നുവെന്ന കാര്യം നബി(സ)തിരുമേനിക്ക് ലഭിക്കുകയും ചെയ്തു. ത്വയ്യ് ഗോത്രത്തിലെ വലീദ് ബിൻ സുഹയ്ർ മദീനയിൽ തന്റെ സഹോദര പുത്രിയായ സയ്നബിനെ കാണാൻ വന്നിരുന്നു. ഇവർ ത്വുലയ്ബ് ബിൻ ഉമയ്ർ ബിൻ വഹ്ബ്(റ)ന്റെ ഭാര്യയായിരുന്നു. അദ്ദേഹം വന്ന് ബനൂഅസദിന്റെ മേൽ പദ്ധതിയെപ്പറ്റി അറിയിപ്പ് നൽകിയപ്പോൾ നബി(സ)തിരുമേനി ബനൂഅസദ് മദീനയെ ആക്രമിക്കുന്നതിനു മുമ്പേ മുസ്‌ലിമീങ്ങൾ തങ്ങളുടെ സുരക്ഷക്കുവേണ്ടി അവരെ ആക്രമിക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ നബി(സ)തിരുമേനി ഹദ്റത്ത് അബൂ സലമ ബിൻ അബ്ദുൽ അസദിനെ വിളിച്ചു വരുത്തി അദ്ദേഹത്തോടു പറഞ്ഞു: നിങ്ങൾ ഈ യുദ്ധത്തിന് പുറപ്പെടണം. ഞാൻ നിങ്ങളെ ഇതിന്റെ നേതൃത്വം ഏൽപ്പിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി പതാക കെട്ടിയ ശേഷം പറഞ്ഞു: ബനൂ അസദിന്റെ സൈന്യം നിങ്ങൾക്കെതിരിൽ ഒരുമിച്ചു കൂടുന്നതിനു മുമ്പേ അവരുടെ പ്രദേശത്തെത്തി അവരെ ആക്രമിക്കുക. 150 സ്വഹാബാക്കളുടെ സൈന്യമാണ് അബൂസലമയുടെ നേതൃത്വത്തിൽ അവരെ പരാജയപ്പെടുത്താൻ പുറപ്പെട്ടത്. ത്വയ്യ് ഗോത്രത്തിലെ വലീദ് ബിൻ സുഹയ്ർ വഴികാട്ടിയായി അവരോടൊപ്പമുണ്ടായിരുന്നു. (സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 422–425, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)(സുബുലുൽ ഹുദാ വർറശാദ്, വാള്യം 6, പേജ് 34, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഈ സരിയ്യത്തിൽ പങ്കെടുത്ത ഏതാനും സ്വഹാബാക്കളുടെ പേരുകൾ ഇപ്രകാരമാകുന്നു: അബൂ സബ്റഹ് ബിൻ അബീ റുഹും, അബ്

ദുല്ലാഹ് ബിൻ സുഹയ്ൽ ബിൻ അംറ്, അബ്ദുല്ലാഹ് ബിൻ മഖ്റമഹ് ആമിരീ, മുഅത്തിബ് ബിൻ ഫള്ൽ, അർഖം ബിൻ അബീ അർഖം, അബൂ ഉബയ്ദ ബിൻ ജർറാഹ്, സുഹയ്ൽ ബിൻ ബയ്ളാഅ്, ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരീ, അബ്ബാദ് ബിൻ ബിശ്ർ അൻസ്വാരീ, അബൂ നാഇല അൻസ്വാരീ, അബൂ അബ്സ്, ഖത്താദ ബിൻ നുഅ്മാൻ, നള്ർ ബിൻ ഹാരിഥ്, അബൂ ഖത്താദ അൻസ്വാരീ, അബൂ അയ്യാശ് സുറഖീ, അബ്ദുല്ലാഹ് ബിൻ സയ്ദ് അൻസ്വാരീ, ഖുബയ്ബ് ബിൻ യസാഫ്, സഅ്ദ് ബിൻ അബീ വഖാസ്, അബൂ ഹുദയ്ഫ ബിൻ ഉത്ബ, സാലിം മൗലാ അബൂ ഹുദയ്ഫ.(കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 341, ആലമുൽ കുതുബ്, ബയ്റുത്ത് 1984)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 424, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)

എത്രയും വേഗം ശത്രുക്കളുടെ അടുത്തെത്തുന്നതിനുവേണ്ടി സ്വഹാബാക്കൾ തങ്ങളുടെ നീക്കം രഹസ്യമാക്കിവച്ചുകൊണ്ട് പൊതുവഴിയിൽനിന്ന് മാറിയാണ് സഞ്ചരിച്ചത്. അവർ രാപ്പകൽ തുടർച്ചയായി യാത്ര ചെയ്തു. ഒരു നിവേദനമനുസരിച്ച് അവർ പകൽ സമയത്ത് ഒളിച്ചിരിക്കുകയും രാത്രി യാത്ര തുടരുകയും ചെയ്തിരുന്നു. അങ്ങനെ 4 ദിവസത്തെ യാത്രയ്ക്കുശേഷം അവർ ഖത്വൻ മലയുടെ അടുത്തെത്തി. ഖത്വനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: ഇത് ഫയ്ദിനടുത്തുള്ള ഒരു മലയുടെ പേരാകുന്നു. ഫയ്ദ്, കൂഫയിലേക്കുള്ള വഴിയിൽ ബനൂഅസദ് ബിൻ ഖുസയ്മയുടെ അരുവി ഒഴുകുന്ന സ്ഥലത്തിന്റെ പേരാണ്. മുസ്‌ലിമീങ്ങൾ അവിടെ എത്തിയതും ആക്രമണം നടത്തി അവരുടെ വളർത്തു മൃഗങ്ങളെ കൈക്കലാക്കി. അവരുടെ മൂന്ന് ഇടയന്മാരേയും പിടികൂടി. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടു. ഇങ്ങനെ ഓടി രക്ഷപ്പെട്ടവർ, ബനൂഅസദിന്റെ താവളത്തിലെത്തി മുസ്‌ലിം സൈന്യം എത്തിയതിനേയും അവർ ആക്രമിച്ചതിനേയും പറ്റി അറിയിപ്പു കൊടുത്തു. മാത്രമല്ല അബൂസലമയുടെ സൈനിക ബലത്തെപ്പറ്റി വളരെ പെരുപ്പിച്ച് പറയുകയും ചെയ്തു. അതായത് ആട്ടിടയന്മാർ വളരെ അതിശയോക്തി കലർത്തി വലിയ സൈന്യമാണെന്ന് പറഞ്ഞപ്പോൾ അവർ ഭയന്നുപോയി. എത്രത്തോളമെന്നാൽ മുസ്‌ലിമീങ്ങൾ അവിചാരിതമായി എത്തിയ കാരണത്താൽ അവർ പേടിച്ചരണ്ട് അവിടെ നിന്നോടി രക്ഷപ്പെടുകയും ചെയ്തു. ഹദ്റത്ത് അബൂ സലമ, ബനൂ അസദിന്റെ താവളത്തിലെത്തിയപ്പോൾ അവർ അതായത് ശത്രുക്കൾ ഓടിപ്പോയെന്നറിഞ്ഞു. അങ്ങനെ അദ്ദേഹം അവരെ അന്വേഷിക്കുന്നതിനുവേണ്ടി തന്റെ സംഘാംഗങ്ങളെ അയക്കുകയുണ്ടായി. ഹദ്റത്ത് അബൂ സലമ അവരെ മൂന്നായി തിരിച്ചു. ഒരു വിഭാഗം അദ്ദേഹത്തോടൊപ്പം അവിടെത്തന്നെ തങ്ങി. ബാക്കി രണ്ട് കൂട്ടരെയും വിവിധ ഭാഗങ്ങളിലേക്ക് അയക്കുകയും ചെയ്തു. അവരെ അയക്കുമ്പോൾ അവർക്ക് നിർദ്ദേശം നൽകിക്കൊണ്ടു പറഞ്ഞു: ശത്രുക്കളെ പിന്തുടർന്നുകൊണ്ട് ഒരുപാടുദൂരം പോകരുത്. ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടി വന്നില്ലെങ്കിൽ തിരിച്ചുവന്ന് ഇവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടുക. ഛിന്നിച്ചിതറി പോകരുതെന്നും ഒന്നിച്ചു നിൽക്കണമെന്നും അവർക്ക് കർശന നിർദ്ദേശവും നൽകിയിരുന്നു. പക്ഷേ, ശത്രുക്കൾ പരിഭ്രാന്തരായി അതിശീഘ്രം അവിടെ നിന്നോടി രക്ഷപ്പെട്ടതുകാരണം മുസ്‌ലിമീങ്ങളിൽ ആർക്കുംതന്നെ അവരെ നേരിടേണ്ടി വന്നില്ല. ഹദ്റത്ത് അബൂസലമ സകല സമരാർജിത സ്വത്തുമെടുത്ത് മദീനയിലേക്ക് തിരിച്ചു പുറപ്പെടുകയും ചെയ്തു. വഴികാട്ടിയായിപ്പോയ ആളും അവരോടൊപ്പം തിരിച്ചു വരികയുണ്ടായി. ഹദ്റത്ത് അബൂസലമ, ഒരു രാത്രിയുടെ യാത്രക്കുശേഷം സമരാർജിത സ്വത്തുക്കൾ വീതം വെക്കുകയുണ്ടായി. അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിലേക്ക് അഞ്ചിലൊന്ന് മാറ്റിവെക്കുകയും ചെയ്തിരുന്നു. വഴികാട്ടിക്ക് അയാളുടെ സന്തോഷത്തിന് അനുസൃതമായി സമ്പത്ത് കൊടുക്കുകയും ബാക്കി സ്വഹാബാക്കൾക്കിടയിൽ വിതരണം ചെയ്യുകയുമാണുണ്ടായത്. ഓരോ സ്വഹാബിക്കും 7 ഒട്ടകങ്ങളും നിരവധി ആടുകളും ലഭിച്ചു. അങ്ങനെ ബാക്കി യാത്രയും സന്തോഷപൂർവം പൂർത്തിയാക്കി ഏകദേശം 10 ദിവസത്തിനുശേഷം ഇവർ മദീനയിലെത്തി. (സുബുലുൽ ഹുദാ വർറശാദ്, വാള്യം 6, പേജ് 34, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 425–426, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 511–512)(അറ്റ്ലസ് സീറത്തെ നബ്വി(സ) പേജ് 253, പ്രസാധനം ദാറുസ്സലാം രിയാള് 1424)

അബൂസലമയെ പറ്റി ഞാൻ പറഞ്ഞുവന്നതുപോലെ ഇത് വിവിധ ചരിത്രങ്ങളിൽനിന്ന് എടുത്തിട്ടുള്ളതാണ്. സീറത്ത് ഖാത്തമുന്നബിയ്യീനിലേയും കുറച്ചു ഭാഗങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ഏതായാലും ഹദ്റത്ത് അബൂസലമയുടെ വഫാത്തിനെ സംബന്ധിച്ച് എഴുതുന്നു: ഹദ്റത്ത് അബൂസലമ(റ)ഈ യുദ്ധത്തിനുവേണ്ടി പത്തിലധികം രാത്രികൾ മദീനക്ക് പുറത്ത് കഴിച്ചുകൂട്ടുകയുണ്ടായി. ഉഹുദിൽ അദ്ദേഹത്തിനു പറ്റിയ പരിക്ക് മദീനയിൽ തിരിച്ചെത്തിയ ശേഷം വീണ്ടും പ്രത്യക്ഷപ്പെടുകയും അങ്ങനെ അദ്ദേഹം രോഗിയാകുകയും ചെയ്തു. തുടർന്ന് അതേവർഷം ജമാദുൽ അവ്വൽ മാസം മൂന്നാം തിയതി അദ്ദേഹം മരണപ്പെട്ടു. (അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 182, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)

നേരത്തെ പരാമർശിച്ച ബനൂ അസദിലെ നേതാവായ ത്വുലയ്ഹാ ബിൻ ഖുവയ്ലിദ് വളരെ ധീരനായ വ്യക്തിയായിരുന്നു. അറേബ്യയിൽ ആയിരം പോരാളികൾക്ക് തുല്യനായി അദ്ദേഹം ഗണിക്കപ്പെട്ടിരുന്നു. നല്ല വാക്ചാതുരിയുമുണ്ടായിരുന്നു. ഹിജ്റ 9–ാംവർഷം ബനൂഅസദിലെ ഒരു സംഘത്തോടൊപ്പം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. എന്നാൽ, പിന്നീട് മുർത്തദ്ദായിപ്പോയി. നബി(സ)തിരുമേനിയുടെ ജീവിതകാലത്തുതന്നെ വ്യാജനുബുവ്വത്ത് വാദം ഉന്നയിച്ചുകൊണ്ട് കുഴപ്പങ്ങൾക്ക് കാരണക്കാരനാകുകയും ചെയ്തു. അവസാനം പരാജിതനായി അറേബ്യയിൽനിന്ന് ഓടിപ്പോയി. പിന്നീട് കുറച്ചു കാലത്തിനുശേഷം മദീനയിലെത്തി ഹദ്റത്ത് ഉമറിന്റെ കൈയിൽ ബയ്അത്തു ചെയ്യുകയും അവസാനംവരെ ഇസ്‌ലാമിൽ ഉറച്ചു നിൽക്കുകയും ചെയ്തു. ഖാദിസിയ്യയുദ്ധമടക്കം നിരവധി യുദ്ധങ്ങളിൽ പങ്കെടുത്തുകൊണ്ട് തന്റെ ധീരത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഹിജ്റ 21–ൽ ഒരു യുദ്ധത്തിൽ ശഹാദത്ത് വരിക്കുകയും ചെയ്തു.(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 430–431, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 511–512)

അല്ലാഹു അദ്ദേഹത്തിന്റെ പര്യവസാനം നന്നാക്കാൻ ഉദ്ദേശിച്ചിരുന്നു, അതുകൊണ്ട് അവസാനം ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു.

ഇനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സിന്റെ സരിയ്യയെ സംബന്ധിച്ച പരാമർശമാണുള്ളത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സ് ജുഹനീ(റ), അൻസ്വാറിലെ ബനൂ സലമയുടെ സഖ്യകക്ഷിയായിരുന്നു. ഇദ്ദേഹം രണ്ടാം അഖബ ബയ്അത്തിലും, ബദ്ർ, ഉഹുദ് തുടങ്ങി നിരവധി യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. മാത്രമല്ല ബനൂ അസദിലെ വിഗ്രഹഭഞ്ജനം ചെയ്തവരിലും ഉൾപ്പെടുന്നു.(ഉസുദുൽഗാബ, വാള്യം 3, പേജ് 178, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2008)(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 412–419, ദാറുൽമഅ്രിഫ ബെയ്റുത്ത്)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സ്(റ) ശാമിൽ ഹിജ്റ 54–ൽ അല്ലെങ്കിൽ ചില നിവേദനങ്ങൾ പ്രകാരം ഹിജ്റ 74–ൽ വഫാത്തായി. (ഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 4 പേജ് 14, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(ഉസുദുൽഗാബ വാള്യം 3 പേജ് 178, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2008)

ഉഹുദ് യുദ്ധത്തിലെ സംഭവങ്ങൾ മദീനയുടെ അടുത്തുള്ള ഗോത്രങ്ങൾ മനസ്സിലാക്കുകയുണ്ടായി. അങ്ങനെ മുസ്‌ലിമീങ്ങളെ ദുർബലരായി ഗണിച്ചുകൊണ്ട് ആക്രമണം നടത്താൻ പദ്ധതിയിട്ടവരിൽ ബനൂ ലിഹ്യാന്റെ ഗോത്രത്തലവൻ ഖാലിദ് ബിൻ സുഫിയാൻ ഹുദലീ ലിഹ്യാനിയുമുണ്ടായിരുന്നു. ചില നിവേദനങ്ങളിൽ ഇയാളുടെ പേര് സുഫിയാൻ ബിൻ ഖാലിദ് എന്നാണ് വന്നിട്ടുള്ളത്. ഏതായാലും മുസ്‌ലിമീങ്ങൾക്ക് നഷ്ടം സംഭവിച്ച് അധിക നാളുകൾ ആയിട്ടില്ല, അതിനാൽത്തന്നെ എന്തുകൊണ്ട് അവരുടെ ദൗർബല്യത്തെ മുതലെടുത്ത് അവരെ ആക്രമിച്ചുകൊണ്ട് മദീനയെ കൊള്ളയടിക്കുകയും അങ്ങനെ തങ്ങളെ അടയാളപ്പെടുത്തുകയും ചെയ്തുകൂടാ എന്ന് അയാൾ ചിന്തിച്ചു. അയാൾക്കുള്ളിൽ ഇസ്‌ലാം വിരോധം നല്ലപോലെ വേരൂന്നിയിട്ടുണ്ടായിരുന്നു. വലിയ അഹങ്കാരിയുമായിരുന്നു. ഇയാൾ നഖ്‌ലയിലോ അറഫാത്തിനടുത്ത് ഉറന താഴ്‌വരയിലോ സൈന്യത്തെ തയ്യാറാക്കുകയും തന്റെ ഗോത്രത്തിലെ യുദ്ധവീരന്മാരേയും അടുത്തുള്ള ആളുകളേയും മുസ്‌ലിമീങ്ങൾക്കെതിരിൽ ഒരുമിച്ച് കൂട്ടാനുള്ള നീക്കം നടത്തുകയും ചെയ്തുകൊണ്ടിരുന്നു.(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 433, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)

സുഫിയാൻ ബിൻ ഖാലിദ് മദീനയെ ആക്രമിക്കാൻ ഒരു സൈന്യത്തെ തയ്യാറാക്കുന്നുണ്ടെന്ന് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ തികച്ചും വ്യതിരിക്തമായ ഒരു സൈനിക നീക്കം നടത്തുകയാണുണ്ടായത്. അതായത് സുഫിയാന്നെതിരിൽ ഒരു സൈന്യത്തെ അയച്ച് ഇരു ഭാഗത്തും രക്തച്ചൊരിച്ചലുണ്ടാക്കുന്നതിനു പകരം കലാപത്തിനുവേണ്ടി സൈന്യത്തെ തയ്യാറാക്കുന്ന തലവനെ യുക്തിപൂർവം അവസാനിപ്പിക്കാമെന്ന് പദ്ധതിയിട്ടു. അങ്ങനെ നബി(സ)തിരുമേനി ഈ അപകടകരവും എന്നാൽ, സുപ്രധാനവുമായ നീക്കത്തിനുവേണ്ടി തന്റെ ധീര സ്വഹാബിയായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സിനെയാണ് തിരഞ്ഞെടുത്തത്.(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 433–434, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)

നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സിനെ വിളിച്ചു, സുഫ്യാൻ ബിൻ ഖാലിദിന്റെ എല്ലാ പദ്ധതിയെപ്പറ്റിയും വിവരിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു: നിശബ്ദനായിപ്പോയി അയാളെ വധിക്കുക. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്(സ), വാള്യം 7, പേജ് 135, ബസം ഇഖ്ബാൽ ലാഹോർ 2022)

അബ്ദുല്ലാഹ്, നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് അയാളുടെ രൂപഭാവങ്ങൾ പറഞ്ഞുതന്നാലും. നബി(സ) തിരുമേനി പറഞ്ഞു: നിനക്ക് അയാളെ കാണുമ്പോൾ ഭയമുണ്ടാകുകയും കണ്ടമാത്രയിൽത്തന്നെ ശയ്ത്വാനെ ഓർമ വരികയും ചെയ്യുന്നതാണ്. അബ്ദുല്ലാഹ് (റ)പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ

ഇന്നേവരെ ആരേയും ഭയപ്പെട്ടിട്ടില്ല. നബി(സ) തിരുമേനി പറഞ്ഞു: ശരി തന്നെ, പക്ഷേ, ഇയാളെ കാണുമ്പോൾത്തന്നെ നിന്റെ രോമങ്ങൾ എഴുന്നുനിൽക്കുന്നതാണ്. അങ്ങനെ ഹിജ്റ നാലാം വർഷം മുഹർറം അഞ്ചിന് അദ്ദേഹം ഒറ്റക്ക് ഈ പദ്ധതി നിറവേറ്റാൻ പുറപ്പെട്ടു. അബ്ദുല്ലാഹ്(റ) പറയുന്നു: ഞാൻ അറഫാത്തിനടുത്തുള്ള താഴ്‌വരയായ ഉറന എന്ന സ്ഥലത്തെ ത്തിയപ്പോൾ സുഫിയാൻ ഒരു വടിയും ഊന്നി നടക്കുന്നതു കണ്ടു. അയാൾക്കു പിന്നിൽ വിവിധ ഗോത്രങ്ങളിലെ ആളുകളുമുണ്ടായിരുന്നു. അവരൊക്കെ അയാളുമായി ബന്ധം സ്ഥാപിച്ചവരായിരുന്നു. അയാൾ ഊന്നുവടി പിടിക്കാൻ വൃദ്ധനായിരുന്നില്ല, മറിച്ച് ഊന്നുവടി കൈയിൽ വെക്കുന്നത് അക്കാലത്തെ നാട്ടുനടപ്പായിരുന്നു. അബ്ദുല്ലാഹ് തുടരുന്നു: നബി(സ)തിരുമേനി അയാളെപ്പറ്റി പറഞ്ഞു തന്നിരുന്നതു കാരണം ഞാൻ അയാളെ പെട്ടെന്ന് തിരിച്ചറിഞ്ഞു. കാരണം ആരേയും ഭയപ്പെട്ടിട്ടില്ലാത്ത ഞാൻ അയാളെ കണ്ടതും ഭയപ്പെട്ടുപോയി. അല്ലാഹുവും റസൂലും പറഞ്ഞത് സത്യമാണെന്ന് ഞാൻ മനസ്സിൽ പറയുകയും ചെയ്തു. അസ്ർ നമസ്കാരത്തിന്റെ സമയമായിരുന്നു. ഞാൻ അയാൾക്കു മുന്നിൽപ്പെട്ടാൽ എന്റെ അസ്ർ നമസ്കാരം നഷ്ടപ്പെടുമോ എന്ന് ഞാൻ ശങ്കിച്ചു. അതുകൊണ്ട് ഞാൻ അസ്ർ നമസ്കരിച്ചു. ഞാൻ അതേ അവസ്ഥയിൽ അയാളുടെ അടുത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു, കൂടെ തലകൊണ്ട് ആംഗ്യരൂപത്തിൽ നമസ്കാരവും അനുഷ്ഠിച്ചുകൊണ്ടിരുന്നു. അങ്ങനെ ഞാൻ അയാളുടെ അടുത്തെത്തിയപ്പോൾ അയാളെന്നോടു ചോദിച്ചു: നിങ്ങളാരാണ്? ഞാൻ പറഞ്ഞു: ഞാൻ ബനൂ ഖുസാഅ ഗോത്രക്കാരനാണ്. നിങ്ങൾ മുഹമ്മദ്(സ)ന്നെതിരിൽ സൈന്യത്തെ സ്വരുക്കൂട്ടുന്നുണ്ടെന്ന് അറിയാൻ ഇടയായി, അതുകൊണ്ട് നിങ്ങളോടൊപ്പം ചേരാൻ വന്നതാണ്. അയാൾ പറഞ്ഞു; തീർച്ചയായും ഞാൻ മുഹമ്മദ്(സ)ന്നെതിരിൽ സൈന്യത്തെ സംഘടിപ്പിക്കുകയാണ്. അങ്ങനെ ഞാൻ കുറെനേരം അയാളോടൊപ്പം നടന്നു കൊണ്ടിരുന്നു. ഞാൻ അയാളോടു സംസാരിക്കാൻ തുടങ്ങിയപ്പോൾ അയാൾ എന്റെ സംസാരത്തിൽ താൽപര്യം കാണിക്കുകയുണ്ടായി. സുഫ്‌യാൻ ബിൻ ഖാലിദ് പറഞ്ഞു: മുഹമ്മദിന് എന്നെപ്പോലെ ഒരാളുമായി ഏറ്റുമുട്ടേണ്ടി വന്നിട്ടില്ല, ഇതുവരെ കിട്ടിയവരൊക്കെ യുദ്ധത്തിൽ പ്രാവീണ്യമില്ലാത്തവരാണ്. അവസാനം അയാൾ തന്റെ കൂടാരത്തിലെത്തി. കൂടെയുള്ളവർ നാലുപാടും പോയിക്കഴിഞ്ഞപ്പോൾ അയാളെന്നോട് പറഞ്ഞു: ഖുസായീ സഹോദരാ, അടുത്തു വരൂ. ഞാൻ അയാളുടെ അടുക്കലെത്തിയപ്പോൾ പറഞ്ഞു ഇരിക്കൂ. ഞാൻ അയാളുടെ അടുക്കൽത്തന്നെ ഇരുന്നു. അങ്ങനെ നേരം നല്ലപോലെ ഇരുട്ടുകയും എല്ലാ ആളുകളും ഉറങ്ങുകയും ചെയ്തപ്പോൾ ഞാൻ പെട്ടെന്നെഴുന്നേറ്റ് അയാളെ വകവരുത്തി തല കൈയിലെടുത്ത് അവിടെനിന്ന് പുറപ്പെട്ട് അടുത്ത് ഒരു മലയുടെ ഗുഹയിൽ ഒളിച്ചിരുന്നു. കുറച്ചാളുകൾ അന്വേഷണവുമായി ഗുഹവരെ എത്തിയെങ്കിലും ഒന്നും കിട്ടാതെ നിരാശരായി മടങ്ങിപ്പോയി. അതിനുശേഷം ഞാൻ ഗുഹക്കുള്ളിൽനിന്ന് പുറത്തെത്തി യാത്ര തിരിച്ചു. ഞാൻ രാത്രി യാത്ര ചെയ്തും പകൽ ഒളിച്ചിരുന്നും അവസാനം മദീനയിലെത്തി. എന്നെ കണ്ടതും നബി(സ)തിരുമേനി അനിയന്ത്രിതമായി പറഞ്ഞു: അഫ്‌ലഹൽ വജ്ഹു അതായത് ഈ മുഖം വിജയത്തിന്റേതാണ്. എന്നാൽ, അദ്ദേഹം വളരെ വിനയാനതനായി യുക്തിപൂർവവും ഉടൻതന്നെ പറഞ്ഞു: അഫ്‌ലഹൽ വജ്ഹുക്ക യാ റസൂലല്ലാഹി അതായത് യാ റസൂലല്ലാഹ്! അങ്ങയുടെ മുഖമാണ് വിജയിച്ചത്. അതായത് ഈ എല്ലാ വിജയങ്ങളും അങ്ങയുടേതാകുന്നു. ഈ വിജയങ്ങളെല്ലാം അങ്ങയുടെ ദുആകളുടെ അനുഗ്രഹ ഫലമാകുന്നു. അതിനുശേഷം അബ്ദുല്ലാഹ് എല്ലാ കാര്യങ്ങളും വിശദീകരിക്കുകയും ആ കലാപകാരിയായ നേതാവിന്റെ തല നബി(സ) തിരുമേനിയുടെ മുന്നിൽ വെക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സ് എത്തുന്നതിനു മുമ്പേതന്നെ സുഫ്‌യാൻ ബിൻ ഖാലിദിന്റെ വധത്തെപ്പറ്റി അറിയിപ്പു നൽകിയിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് പറയുന്നു: നബി(സ) തിരുമേനി ഈ വിജയത്തിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് എനിക്ക് ഒരു വടി നൽകിയ ശേഷം പറഞ്ഞു: സ്വർഗത്തിൽ ഇത് എനിക്കും താങ്കൾക്കുമിടയിൽ ഒരു അടയാളമായിരിക്കും. താങ്കൾ സ്വർഗത്തിൽ ഇതിൽ ഊന്നുന്നതാണ്. പിന്നീട് ഈ വടി എപ്പോഴും അബ്ദുല്ലാഹ് ബിൻ ഉനയ്സിന്റെ പക്കലുണ്ടായിരുന്നു. അവസാനം അദ്ദേഹം തന്റെ വീട്ടുകാരോടു വസ്വിയ്യത്ത് ചെയ്തുകൊണ്ട് പറഞ്ഞു: ഈ വടി എന്റെ കഫന്റെ (ശവക്കച്ചയുടെ) അകത്ത് എന്റെ ശരീരത്തിനും കഫനുമിടയിൽ വെക്കണം. അങ്ങനെ വീട്ടുകാർ അദ്ദേഹത്തിന്റെ വസ്വിയ്യത്ത് നിറവേറ്റുകയും ചെയ്തു. അബ്ദുല്ലഹ് ബിൻ ഉനയ്സിനെ ദുൽ മിഖ്സറ(ലാത്തിക്കാരൻ) എന്നും പറയാറുണ്ട്.(സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 231-232, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)(ശറഹ് അല്ലാമ സുർഖാനീ വാള്യം 2, പേജ് 474 ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനയ്സ്(റ) 18 ദിവസം മദീനക്ക് വെളിയിൽ താമസിക്കുകയുണ്ടായി. ശനിയാഴ്ച ദിവസം അതായത് മുഹർറം തീരാൻ 7 ദിവസം ബാക്കിയുള്ളപ്പോൾ തിരിച്ചെത്തുകയുണ്ടായി.(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 182, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഹിജ്റ നാലാം വർഷം മുഹർറമാസത്തിലുണ്ടായ ഈ സംഭവത്തിന്റെ വിവരണത്തിൽ എഴുതുന്നു:

ഖുറയ്ശികളുടെ പ്രകോപനങ്ങളും ഉഹുദിൽ മുസ്‌ലിമീങ്ങൾക്കുണ്ടായ താൽക്കാലിക പരാജയവും വളരെ ത്വരിതഗതിയിൽ അതിന്റെ ഭയാനകമായ ഫലം വെളിപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ ഈ ദിവസങ്ങളിൽ ബനൂ അസദ് മദീനയിൽ റെയ്ഡ് നടത്താൻ കോപ്പുകൂട്ടുകയായിരുന്നു. ബനൂ ലഹ്‌യാൻ ഗോത്രത്തിലെ ആളുകൾ തങ്ങളുടെ നേതാവായ സുഫിയാൻ ബിൻ ഖാലിദിന്റെ പ്രേരണയാൽ തങ്ങളുടെ സ്വദേശമായ ഉറണയിൽ വലിയൊരു സൈന്യത്തെ ഒരുമിച്ചുകൂട്ടി മദീനയെ ആക്രമിക്കാൻ പദ്ധതിയിടുന്നുവെന്ന് നബി(സ) തിരുമേനി അറിയാനിടയായി. ഉറണ മക്കയ്ക്ക് വളരെ സമീപത്തുള്ള സ്ഥലമാണ്. നബി(സ) തിരുമേനി വളരെ നയതന്ത്രജ്ഞനും വിവിധ അറേബ്യൻ ഗോത്രങ്ങളെയും അവരുടെ നേതാക്കന്മാരുടെ ശക്തിയും പ്രഭാവവും നല്ലപോലെ അറിയുന്നയാളുമായിരുന്നു. അതുകൊണ്ടുതന്നെ ഈ വാർത്ത വന്നതും ഈ എല്ലാ ദ്രോഹങ്ങളും കുഴപ്പങ്ങളും ബനൂ ലയ്ഹാൻ ഗോത്രത്തിന്റെ നേതാവായ സുഫിയാൻ ബിൻ ഖാലിദിന്റേതാണെന്നും അയാളെ അതിനിടയിൽനിന്ന് ഇല്ലാതാക്കിയാൽ ബനൂലഹ്‌യാൻ മദീനയെ ആക്രമിക്കാൻ ധൈര്യപ്പെടുകയില്ലെന്നും സുഫിയാൻ അല്ലാതെ ഇപ്പോൾ മറ്റാർക്കുംതന്നെ ഇത്തരം ഒരു പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കാനുള്ള കെൽപ്പില്ലെന്നും നബി(സ)തിരുമേനി മനസ്സിലാക്കിയിരുന്നു. ബനൂലയ്ഹാനെതിരിൽ ഒരു സൈനിക സംഘത്തെ അയക്കുകയാണെങ്കിൽ അത് സാധുക്കളായ മുസ്‌ലിമീങ്ങൾക്ക് പ്രയാസത്തിനും കൂടാതെ നാട്ടിൽ അതു രക്തരൂക്ഷിത പ്രശ്നങ്ങൾക്ക് ഇടയാകാനും കാരണമായേക്കും. അതുകൊണ്ട് ഒരാൾ അവിടെപോയി അവസരം പാർത്ത് ഈ കുഴപ്പങ്ങളുടെ കേന്ദ്രബുദ്ധിയും തായ്‌വേരുമായ സുഫിയാൻ ബിൻ ഖാലിദിനെ വധിച്ചു വരികയാണ് നല്ലതെന്ന് നബി(സ)തിരുമേനി തീരുമാനിക്കുകയും ഈ ഉദ്യമത്തിനു വേണ്ടി അബ്ദുല്ലാഹ് ബിൻ ഉനയ്സ് അൻസ്വാരിയെ അയക്കുകയും ചെയ്തു. അബ്ദുല്ലാഹ് ഒരിക്കൽപോലും സുഫിയാനെ കണ്ടിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് നബി(സ)തിരുമേനിതന്നെ അയാളുടെ രൂപഭാവത്തെ പറ്റി പറഞ്ഞുകൊടുത്തുകൊണ്ട് അവസാനം പറഞ്ഞു; ജാഗ്രത വേണം, സുഫിയാൻ ആപാദചൂഢം ശയ്ത്വാനാണ്. അങ്ങനെ അബ്ദുല്ലാഹ് ബിൻ ഉനയ്സ് വളരെ തന്ത്രപൂർവം ബനൂലയ്ഹാന്റെ കൂടാരത്തിലെത്തി. അയാളാകട്ടെ മദീനയെ ആക്രമിക്കാനുള്ള തയ്യാറെടുപ്പിൽ സക്രിയമായിരുന്നു. രാത്രി അവസരം കിട്ടിയപ്പോൾ അദ്ദേഹം സുഫിയാനെ വകവരുത്തുകയുണ്ടായി. ബനൂലയ്ഹാൻ ഗോത്രത്തിന് ഇതേപ്പറ്റി അറിവു ലഭിച്ചപ്പോൾ അവർ അബ്ദുല്ലായെ അന്വേഷിച്ചു പോയെങ്കിലും അദ്ദേഹം പാത്തുംപതുങ്ങിയും അവിടെനിന്ന് രക്ഷപ്പെടുകയുണ്ടായി. നബി(സ) തിരുമേനിയുടെ മുന്നിൽ അബ്ദുല്ലാഹ് ബിൻ ഉനയ്സെത്തിയപ്പോൾ അദ്ദേഹത്തിന്റെ രൂപം കണ്ടതും വിജയപൂർവമാണ് തിരിച്ചെത്തിയതെന്ന് മനസ്സിലാക്കിക്കൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: അഫ്‌ലഹൽ വജ്ഹു ഈ മുഖം വിജയശ്രീലാളിതന്റേതാകുന്നു. ആ സമയത്ത് അബ്ദുല്ലാഹ് വളരെ സമുചിതമായി ഇങ്ങനെ പ്രതികരിച്ചു: അഫ്‌ലഹ വജ്ഹുക്ക യാ റസൂലല്ലാഹ്! തിരുദൂതരേ, ഈ എല്ലാ വിജയവും അങ്ങയുടേതാകുന്നു. അപ്പോൾ നബി(സ)തിരുമേനി തന്റെ ഊന്നുവടി അബ്ദുല്ലായ്ക്ക് സമ്മാനിച്ചുകൊണ്ട് പറഞ്ഞു: ഈ ഊന്നുവടി സ്വർഗത്തിൽ നിനക്ക് ഊന്നുന്നതിന് ഉപകാരപ്പെടുന്നതാണ്. അബ്ദുല്ലാഹ് ഈ ഊന്നുവടി വളരെയേറെ സ്നേഹത്തോടെയും ആത്മാർഥതയോടെയും തന്റെ പക്കൽ വെക്കുകയും മരണവേളയിൽ തന്റെ കൂടെ അതും ഖബറടക്കണമെന്ന് വസ്വിയ്യത്ത് ചെയ്യുകയുമുണ്ടായി. അത് അങ്ങനെ തന്നെ ചെയ്തു. നബി(സ)തിരുമേനി അബ്ദുല്ലാഹ് വിജയപൂർ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

വം തിരിച്ചുവന്നതിൽ ഇത്രമാത്രം സന്തോഷം പ്രകടിപ്പിച്ചതും അസാധാരണമായ നിലയിൽ ഈ സമ്മാനം നൽകിയതും സുഫിയാൻ ബിൻ ഖാലിദിന്റെ ഫിത്നയെ വളരെ ഭയാനകമായും അയാൾ കൊല്ലപ്പെടുന്നത് പൊതുസമാധാനത്തിന് അനുഗ്രഹമായും കാരുണ്യത്തിന് ഒരു നിമിത്തമാണെന്ന് മനസ്സിലാക്കിയിരുന്നതായും വ്യക്തമാക്കുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 512-513)

ഇസ്‌ലാംവിരോധികൾ നബി(സ)തിരുമേനി നഊദുബില്ലാഹ് സമാധാന ഭംഗമുണ്ടാക്കിയെന്നും മനുഷ്യജീവനുകൾ അപായപ്പെടുത്തിയെന്നും ആക്ഷേപിക്കാറുണ്ട്. എന്നാൽ. അവിടന്ന് മനുഷ്യ ജീവനുകളെ എത്രമാത്രം വിലമതിച്ചിരുന്നുവെന്നാൽ ശത്രുഗോത്രത്തിലെ ആളുകളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഒരാളെ കൊന്നുകൊണ്ട് മറ്റുള്ളവരുടെയെല്ലാം ജീവൻ രക്ഷിക്കാമെന്ന ഈ ഉപായം കൈക്കൊണ്ടത്. ഇത് മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയുടെ പാരമ്യമാകുന്നു. ഇന്നത്തെ നാമധാരികളായ മനുഷ്യർ, ഏതാനും ആളുകളെ കൊല്ലാനുള്ള കാരണം പറഞ്ഞുകൊണ്ട് നിർദ്ദോഷികളായ കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും കൊന്നൊടുക്കുന്നു. നബി(സ)തിരുമേനി യുദ്ധങ്ങളിൽപോലും കുട്ടികളെയും സ്ത്രീകളെയും നേരിട്ട് യുദ്ധത്തിൽ പങ്കെടുക്കാത്ത മതവക്താക്കളെയും കൊല്ലരുതെന്ന് കർശനമായി നിഷ്കർഷിച്ചിരുന്നു.(സുനൻ അബീ ദാവൂദ്, കിതാബുൽജിഹാദ് ബാബി ഫീ ദുആഅൽമുശ്രിക്കീന ഹദീഥ് 2614)(മുസനദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 768, പ്രസാധനം ആലമുൽകുതുബ് ബെയ്റുത്ത് 1998)

ചുരുക്കത്തിൽ ഇതാണ് മുഹമ്മദ്(സ)ന്റെ തിരുചര്യയും ഇസ്‌ലാമിക അധ്യാപനങ്ങളും.

ഇനി റജീഅ് സരിയ്യയെ പറ്റി വിവരിക്കുന്നതാണ്. ഇതിന്റെ വിവരണം നീണ്ടതാണ്. അതുകൊണ്ട് കുറച്ചു ഭാഗങ്ങൾ ഇന്ന് കേൾപ്പിക്കാം.

ഈ സരിയ്യത്തിനെ അതിന്റെ അമീർ ആയ മർഥദ് ബിൻ അബീ മർഥദിന്റെ പേരിൽ സരിയ്യ മർസ്വദ് ബിൻ അബീ മർഥദ് എന്നും അറിയപ്പെടുന്നു. പക്ഷേ, റജീഅ് എന്ന പേരു തന്നെയാണ് കൂടുതൽ പ്രസിദ്ധം.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 2,പേജ് 42, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990) റജീഅ്, ഹുദയ്ൽ ഗോത്രത്തിന്റെ ഒരു അരുവിയാണ്. അത് ഹിജാസിൽ സ്ഥിതിചെയ്യുന്നു. അതിന്റെ ഇപ്പോഴത്തെ പേര് വത്വിയ്യ എന്നാകുന്നു. ഇത് മക്കയിൽനിന്ന് 70 കിലോമീറ്റർ അകലെ വടക്കു ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. (ദാഇറയെ മആരിഫ് സീറത്തുന്നബി റസൂലുല്ലാഹി(സ), വാല്യം 7, പേജ് 138-139, ബസം ഇഖ്ബാൽ ലാഹോർ 2022)

ഈ സരിയ്യത്ത് ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിന്റെ ആരംഭത്തിൽ റജീഅ് എന്ന സ്ഥലത്താണ് നടന്നത്.(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 6, പേജ് 44, പ്രസാധനം ദാറുസ്സലാം റിയാള്, ഹിജ്റ 1434)

ഇബ്നു ഇസ്ഹാഖിന്റെയും ഇബ്നു ഹിശാമിന്റെയും അഭിപ്രായത്തിൽ ഈ യുദ്ധം ഉഹുദ് യുദ്ധത്തിനുശേഷം മൂന്നാമത്തെ വർഷമാണുണ്ടായത്. ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിലും (ചരിത്ര ഗ്രന്ഥമായ)മവാഹിബിലും ഇത് മൂന്നാം വർഷം അവസാനമാണ് ഉണ്ടായതെന്ന് എഴുതിയിരിക്കുന്നു. (സീറത്ത് ഇബ്നു ഇസ്ഹാഖ്, പേജ് 371, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2004)(ഇബ്നു ഹിശാം, പേജ് 591, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2001)(ഫതഹുൽബാരി വാല്യം 7, പേജ് 483, ബാബു ഗസ് വത്തുർറജീഅ്, ഖദീമീ കുതുബു ഖാന, ആരാം ബാഗ് കറാച്ചി)

നമ്മുടെ റിസർച്ച് സെൽ റജീഅ് സരിയത്തിനെ സംബന്ധിച്ച് നൽകിയിട്ടുള്ള ഒരു നോട്ട്, ഇതു സംബന്ധമായി ശ്രദ്ധാർഹമാണ്. ചില തിയതികളിൽ വ്യത്യാസം കാണുന്നുണ്ട്. ഏതായാലും ഗവേഷകർക്ക് ഉപകാരപ്പെട്ടേക്കാം. അതുകൊണ്ട് ഞാൻ അത് വായിക്കാം. ചരിത്ര പുസ്തകങ്ങളിലും നബി ചരിതങ്ങളിലും ബുഖാരിയിൽപോലും റജീഅ് സരിയ്യയും ബിഅ്റെ മഊന സംഭവങ്ങളും തമ്മിൽ കൂടിക്കലർന്നിട്ടുണ്ട്. നബിചരിത്രകാരന്മാരിൽ പലരും ഇക്കാര്യത്തിൽ ശ്രദ്ധക്ഷണിച്ചിട്ടുമുണ്ട്. ഇതിലുള്ള ഒരു അബദ്ധം നബിചരിത്രകാരന്മാരിൽ അധികംപേരും റജീഅ് സരിയ്യ ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിലാണെന്ന് രേഖപ്പെടുത്തുന്നു. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്: ഹദ്റത്ത് ഖുബയ്ബിനെയും(റ) ഹദ്റത്ത് സയ്ദിനെയും മക്കയിൽ വിൽക്കുകയുണ്ടായി. പക്ഷേ, ആദരണീയ മാസങ്ങളായതുകൊണ്ട് മക്കക്കാർ അവരെ തടവറയിൽ പാർപ്പിച്ചു. ആദരണീയ മാസങ്ങൾ കഴിഞ്ഞപ്പോൾ അവരെ രണ്ടുപേരെയും വധിക്കുകയും ചെയ്തു. ഇതാണ് ഭൂരിപക്ഷം നബിചരിത്രകാരന്മാരും എഴുതിയിട്ടുള്ളത്. പക്ഷേ, ആദരണീയ മാസങ്ങൾ നാലെണ്ണമാണ്. മൂന്നെണ്ണം തുടർച്ചയായി വരുന്ന ദുൽഖഅ്ദ്, ദുൽഹിജ്ജ, മുഹർറം എന്നിവയാണ്. നാലാമത്തെ (ആദരണീയ) മാസം മുഹർറത്തിനു അഞ്ച് മാസത്തിനുശേഷം വരുന്ന റജബ് മാസമാണ്. ഈ സരിയ്യ, സ്വഫർ മാസത്തിലാണ് ഉണ്ടായതെങ്കിൽ ആദരണീയമായ മൂന്ന് മാസങ്ങൾ നേരത്തെ കഴിഞ്ഞിട്ടുണ്ടായിരുന്നു. ഇനി സ്വഫർ മാസത്തിനു നാല് മാസങ്ങൾക്കു ശേഷമാണ് നാലാമത്തെ ആദരണീയ മാസം വരുന്നത്. അതുകൊണ്ട് ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിലാണ് ഈ സരിയ്യ ഉണ്ടായതെന്ന് പറയുകയാണെങ്കിൽ പിന്നെ ആദരണീയ മാസത്തിലാണ് ഈ യുദ്ധമുണ്ടായതെന്ന വാദം ബുദ്ധിക്കു നിരക്കുന്നതല്ല. അതല്ല ഇത് ആദരണീയ മാസത്തിലല്ല നടന്നതെങ്കിൽ അവർ രണ്ടുപേരേയും നീണ്ടകാലം തടവിൽ വെച്ചതിന് കാരണമേതുമില്ലെന്ന് പറയേണ്ടി വരും. മക്കക്കാരാകട്ടെ അവരെ എത്രയുംവേഗം വധിച്ചുകൊണ്ട് തങ്ങളുടെ പ്രതികാരാഗ്നി ശമിപ്പിക്കാൻ ആഗ്രഹിച്ചിരുന്നു താനും. എന്നിരിക്കെ അനാവശ്യമായി ഒരു നീണ്ടകാലം അവരെ തടവിൽ വെച്ചുകൊണ്ട് തീറ്റിപ്പോറ്റുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ഭാരം തങ്ങളുടെ ശിരസ്സിൽ പേറേണ്ട കാര്യമെന്തായിരുന്നു? ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിലാണ് ഈ സരിയ്യ ഉണ്ടായതെന്ന് പറയുന്ന നബിചരിത്രകാരന്മാരും മറ്റു ചരിത്രകാരന്മാരും ഈ പ്രശ്നങ്ങൾ എടുക്കുന്നതുപോലുമില്ല. നമുക്ക് മുന്നിൽ രണ്ടിൽ ഒരു വഴിയെ കരണീയമായിട്ടുള്ളൂ, ഒന്നുകിൽ ആദരണീയ മാസങ്ങൾ എന്നതും ഒരു നീണ്ട സമയം അവരെ തടവിൽ വെച്ചു എന്നു പറയുന്നതും ശരിയല്ലെന്നു പറയേണ്ടിവരും. അതല്ലെങ്കിൽ ആദരണീയ മാസങ്ങളിൽ യുദ്ധം തുടങ്ങിയെന്നും അവർ രണ്ടുപേരേയും നീണ്ടകാലം തടവിൽ വെച്ചുവെന്നുമുള്ള എല്ലാ നിവേദനങ്ങളേയും ശരിയാണെന്ന് ഗണിക്കുകയും അതേസമയം ഭൂരിഭാഗം നബിചരിത്രകാരന്മാർക്കും മറ്റു ചരിത്രകാരന്മാർക്കും ഈ സരിയ്യയുടെ തിയതിയുടെ കാര്യത്തിൽ അബദ്ധം പിണഞ്ഞെന്നും അവരെ മക്കയിൽ വിൽക്കാൻ കൊണ്ടുവന്ന സമയത്ത് ആദരണീയ മാസങ്ങളിൽ ദുൽഖഅ്ദ് ആരംഭിച്ചിരുന്നുവെന്ന് പറയുന്നചരിത്രകാരന്മാരുടെ വീക്ഷണമാണ് ശരിയെന്നും സമ്മതിക്കേണ്ടിവരും. നബിചരിത്രങ്ങളിൽ പ്രഥമഗണനീയ ഗ്രന്ഥമായ ഇബ്നു ഇസ്ഹാഖും പിന്നെ ഇബ്നു ഹിശാമും സരിയ്യ റജീഇന്റെ തിയതിയെ സംബന്ധിച്ച് ഇത് ഉഹുദുയുദ്ധത്തിനുശേഷം ഹിജ്റ മൂന്നാം വർഷമാണ് ഉണ്ടായതെന്ന് എഴുതുന്നു. ബുഖാരിയുടെ ആധികാരികവും പ്രാമാണ്യയോഗ്യനുമായ വ്യാഖ്യാതാവ് ഇബ്നു ഹജ്ർ, ഫത്ഹുൽ ബാരിയിൽ ഈ സംഭവം ഹിജ്രി മൂന്നാം വർഷം അവസാനമാണ് ഉണ്ടയതെന്ന് എഴുതുന്നു. ഈ ഉദ്ധരണിയുടെ വെളിച്ചത്തിൽ മറ്റൊരു പ്രാമാണിക നബിചരിത്രമായ മവാഹിബുല്ലുദുന്നിയയും ഇതുതന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഈ സരിയ്യ ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസം അവസാനമാണ് ഉണ്ടായതെന്ന് എഴുതിയിട്ടുള്ളത് കൂടുതൽ ശരിയാണെന്ന് തോന്നുന്നു. ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിലാണ് ഹദ്റത്ത് ഖുബയ്ബിനെയും ഹദ്റത്ത് സയ്ദിനെയും ശഹീദാക്കിയത്. അവരുടെ ശഹാദത്ത് വിവരം മദീനയിലെത്തിയപ്പോൾ നിവേദനങ്ങളിൽ ഈ തിയതിക്ക് പതിയെപ്പതിയെ കൂടുതൽ പ്രബലത കിട്ടിയതായിരിക്കാം.

ഏതായാലും അല്ലാഹുവിനെ നന്നായി അറിയുകയുള്ളൂ. ഈ സരിയ്യത്തിന്റെ പശ്ചാത്തലത്തെ സംബന്ധിച്ച് പറയുന്നു: കഴിഞ്ഞ സരിയ്യ അതായത് സരിയ്യ അബ്ദുല്ലാഹ് ബിൻ ഉനയ്സിനെ പറ്റിയുള്ള വിവരണത്തിൽ ബനൂ ലയ്ഹാന്റെ നേതാവായ സുഫിയാൻ ബിൻ ഖാലിദിന്റെ വധത്തെപ്പറ്റി പറഞ്ഞിരുന്നു. അതേത്തുടർന്ന് ഈ ഗോത്രം പ്രതികാരാഗ്നിയിൽ ആളിക്കത്തുകയും എങ്ങനെയാണ് മുസ്‌ലിമീങ്ങളോടു ഇതിനു പകരംവീട്ടേണ്ടതെന്ന ഗാഢ ചിന്തയിൽ മുഴുകിയിരിക്കുകയുമായിരുന്നു. അങ്ങനെ ഈ ഗോത്രത്തിലെ ചിലയാളുകൾ അളൽ, ഖാറ ഗോത്രങ്ങളുടെ അടുക്കലെത്തി. ഇവർ അമ്പെയ്ത്തിൽ അഗ്രഗണ്യരായിരുന്നു. അളൽ ഗോത്രം, ബനൂ ഹൗനിബ്നി ഖുസയ്മ ഗോത്രത്തിന്റെ ശാഖയായിരുന്നു. ഇത് അളൽ ബിൻ ദയ്ശിന്റെ ആളുകൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഖാറയും ഹൗനിന്റെ ശാഖയായിരുന്നു. അവരും ദയ്ശിന്റെ ആളുകളായാണ് അറിയപ്പെട്ടിരുന്നത്. ബനൂ ലയ്ഹാൻ പറഞ്ഞു: നിങ്ങൾ മദീനയിൽ മുഹമ്മദ്(സ)ന്റെ അടുക്കൽ പോയി കുറച്ചാളുകളെ നിങ്ങളുടെ ഗോത്രത്തിൽ ഇസ്‌ലാമിനെപ്പറ്റി പ്രചാരണം നടത്താൻ നിങ്ങളുടെകൂടെ അയക്കാൻവേണ്ടി അപേക്ഷിക്കണം. മുഹമ്മദ്(സ) തന്റെ കൂട്ടുകാരിൽ കുറച്ചുപേരെ നിങ്ങളുടെ കൂടെ അയക്കുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. അങ്ങനെ മുഹമ്മദ്(സ)ന്റെ കുറച്ചാളുകൾ നിങ്ങളുടെ കൂടെ വരുകയാണെങ്കിൽ നിങ്ങൾ അവരെ മക്കയുടെ അടുക്കലെത്തുമ്പോൾ മക്കക്കാർക്ക് വിൽക്കണം. അതിനു പകരമായി മക്കക്കാർ നിങ്ങൾക്ക് വലിയ തുക നൽകുന്നതായിരിക്കും. മക്കക്കാർ അവരെ കൊന്നൊടുക്കുകയും ചെയ്യും. ചുരുക്കത്തിൽ ഞങ്ങളുടെ പ്രതികാരവും പൂർത്തിയാകുന്നതാണ്. ഞങ്ങൾ നിങ്ങൾക്ക് സമ്പത്തിൽനിന്ന് ഒരു പങ്ക് തരികയും ചെയ്യാം. അങ്ങനെ ഈ പ്രഖ്യാപിത പദ്ധതിയുമായി അളൽ, ഖാറ ഗോത്രങ്ങളിലെ ഏഴാളുകൾ സംഘമായി മദീനയിലെത്തി നബി(സ)തിരുമേനിയോടു പറഞ്ഞു: ഞങ്ങളുടെ ഗോത്രത്തിൽ ഇസ്‌ലാമിനെപറ്റി നല്ല മതിപ്പുണ്ട്. അതുകൊണ്ട് അവിടെ ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ നിങ്ങളുടെ കുറച്ചാളുകളെ അയച്ചു തന്നാലും. ഇതിനിടയിൽ നബി(സ)തിരുമേനി പത്തു പേരടങ്ങുന്ന ഒരു സംഘത്തെ മക്കക്കു ചുറ്റുവട്ടത്തു നിരീക്ഷണം നടത്തി എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അവലോകനം നടത്താൻ നിയോഗിച്ചിട്ടുണ്ടായിരുന്നു. ഈ അഭ്യർഥന വന്നപ്പോൾ നബി(സ) തിരുമേനി പ്രസ്തുത പത്തു പേരേയും അവരോടൊപ്പം പറഞ്ഞയക്കുകയുണ്ടായി.(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 6, പേജ് 448-449,

പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1434)

മറ്റൊരു നിവേദനത്തിൽ ഏഴ് പേരെയാണ് അയച്ചതെന്ന് പറയുന്നു.(സുബുലുൽഹുദാ വർറശാദ് വാള്യം 6, പേജ് 40, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഇബ്നുഹിശാം നബി(സ)തിരുമേനി ആറു പേരെയാണ് അയച്ചതെന്ന് എഴുതിയിട്ടുണ്ട്. അതേസമയം ഇബ്നു സഅ്ദ് അവർ പത്തുപേരുണ്ടായിരുന്നുവെന്ന് പറയുന്നു. അതിൽ ഏഴാളുകളുടെ പേരും രേഖപ്പെടുത്തിയിട്ടുണ്ട്.(സീറത്ത് ഇബ്നുഹിശാം പേജ് 432, ദാറു ഇബ്നു ഹസം ബെയ്റുത്ത്)(സുബുലുൽഹുദാ വർറശാദ് വാള്യം 6, പേജ് 39, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

സ്വഹീഹ് ബുഖാരിയിൽ 10 പേരെ സംബന്ധിച്ച് പരാമർശമുണ്ട്. ഭൂരിഭാഗം നബിചരിത്രങ്ങളിലും പത്ത് സ്വഹാബാക്കളെ പറ്റി പറയുന്നുണ്ടെങ്കിലും ഏഴ് സ്വഹാബാക്കളുടെ പേര് മാത്രമേ കാണുന്നുള്ളൂ.നബി(സ)തിരുമേനി ആസിം ബിൻ ഥാബിത്തിനെ ചില നിവേദനങ്ങൾ പ്രകാരം മർഥദ് ബിൻ അബീ മർഥദ് ഗനവിയെ അമീറായി നിശ്ചയിക്കുകയുണ്ടായി.(സ്വാഹീഹ് ബുഖാരി, കിതാബുൽമഗാസി ഹദീഥ് 3989)(എടുത്തത് അത്ത്വബഖാത്തുൽ കുബ്റാ വാള്യം 2, പേജ് 42, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിക്കുന്നു: ഹിജ്റ നാലാം വർഷം അറേബ്യയിലെ രണ്ട് ഗോത്രങ്ങളായ അളലും ഖാറയും തങ്ങളുടെ പ്രതിനിധികളെ നബി(സ)തിരുമേനിയുടെ അടുത്ത് അയച്ചുകൊണ്ട് പറഞ്ഞു: ഞങ്ങളുടെ ഗോത്രങ്ങളിൽ നിരവധി ആളുകൾ ഇസ്ലാമിൽ ചായ്‌വുള്ളവരാണ്. അതുകൊണ്ട് ഇസ്ലാമിനെ പറ്റി നല്ലപോലെ അറിയുന്ന കുറച്ചാളുകളെ അയച്ചുകൊണ്ട് അവർക്കിടയിൽ പുതിയ മതത്തെ സംബന്ധിച്ച് പഠിപ്പിച്ചു കൊടുക്കാൻ വേണ്ടി അയച്ചു തന്നാലും. ഇത് വാസ്തവത്തിൽ ഇസ്ലാമിന്റെ ബദ്ധ ശത്രുക്കളായ ബനൂലിഹ്‌യാൻ ചെയ്ത ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നു. ഈ പ്രതിനിധികൾ മുസ്ലിമീങ്ങളെയുംകൊണ്ടു വരുമ്പോൾ അവരെ കൊന്നുകൊണ്ട് തങ്ങളുടെ നേതാവായ സുഫിയാൻ ബിൻ ഖാലിദിന്റെ (ചോരക്ക്) പ്രതിവിധി ആക്കാമെന്നാണ് കരുതിയത്. അങ്ങനെ അവർ അളലിന്റെയും ഖാറയുടെയും പ്രതിനിധികളെ മുസ്ലിമീങ്ങളെ കൂട്ടിക്കൊണ്ടുവരുവാൻ വലിയ വലിയ സമ്മാനങ്ങൾ നൽകാമെന്ന പ്രതീക്ഷയും നൽകി നബി(സ)തിരുമേനിയുടെ സവിധത്തിൽ അയക്കുകയുണ്ടായി. അങ്ങനെ അളലിന്റെയും ഖാറയുടെയും ആളുകൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി അപേക്ഷിച്ചപ്പോൾ അവിടന്ന് അവരുടെ വാക്കുകൾ വിശ്വസിച്ചുകൊണ്ട് അവർക്ക് ഇസ്ലാമിന്റെ വിശ്വാസാദർശങ്ങളെ പറ്റി പഠിപ്പിക്കാൻ 10 പേരെ അയക്കുകയുണ്ടായി. അങ്ങനെ അവർ പോയി.(ദ്രീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാള്യം 20, പേജ് 260) അതിനു ശേഷമുള്ള സംഭവങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്ന് ഞാൻ വീണ്ടും പ്രത്യേകമായും യമനിലെ തടവിൽ കഴിയുന്നവർക്കുവേണ്ടി ദുആക്ക് പറയാനാ ഗ്രഹിക്കുന്നു. പ്രത്യേകിച്ചും അവരിലെ ഒരു സ്ത്രീ അവർ സ്വദ്ർ ലജ്ന ഇമാഇല്ലാഹ് ആണ്. അവർക്കു വേണ്ടി ദുആ ചെയ്യുക. അവരെ വളരെ പ്രയാസത്തിലാണ് ജയിലിൽ വെച്ചിട്ടുള്ളത്. അവർ (അധികൃതർ) പറയുന്നത് അംഗീകരിക്കാൻ തയ്യാറാകാത്ത മറ്റു ചിലരെയും തടവിലാക്കിയിട്ടുണ്ട്. അവർക്കെല്ലാം വേണ്ടി പ്രത്യേകമായും ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ. പാക്കിസ്താനിലെ തടവറയിൽ കഴിയുന്നവരുടെ മോചനത്തിനു വേണ്ടിയും ദുആചെയ്യുക. ഫലസ്തീനിലെ ആളുകൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെ അവസ്ഥകൾ നന്നായി വരുമ്പോൾത്തന്നെ മോശമാകുകയും ചെയ്യുന്നു. ഇസ്റായേൽ സർക്കാർ അഹങ്കാരത്തോടെയാണ് പെരുമാറുന്നത്. അല്ലാഹു എത്രയും വേഗം ഇവരുടെ ദ്രോഹങ്ങളിൽനിന്ന് അവരെ രക്ഷിക്കുമാറാകട്ടെ. മുസ്ലിമീങ്ങൾക്ക് തങ്ങളുടെ കടമ നിറവേറ്റാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

## തൗളീഹെ മറാം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**വിവ: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

(ബദ്ർ വാള്യം 9 ലക്കം 23 പേജ് 9 കോളം 3-ൽ നിന്ന് തുടർച്ച) എന്റെ പ്രിയപ്പെട്ട ജനമേ! ഇപ്പറഞ്ഞതെല്ലാം ഉപമാലങ്കാരങ്ങളാണ്. അല്ലാഹുവിൽനിന്ന് ബുദ്ധി നല്കപ്പെട്ടവർ എളുപ്പത്തിൽ എന്നല്ല ഒരു തരം ആസ്വാദനത്തോടെ അവയെല്ലാം മനസ്സിലാക്കുന്നതാണ്. അത്തരം സുന്ദരവും വാക്ചാതുര്യ സമ്പുഷ്ടവുമായ ആലങ്കാരിക വാക്യങ്ങളെ യഥാതഥം മനസ്സിലാക്കുക എന്നത്, സൗന്ദര്യവതിയായ പ്രേമഭാജനത്തെ പ്രേതമായി ചിത്രീകരിക്കുന്നതുപോലെയാണ്. വാക്ചാതുര്യത്തിന്റെ എല്ലാ അടിസ്ഥാനവും ഉപമാലങ്കാരങ്ങളുടെ ചാരുതയിലായിരിക്കും. ഇക്കാരണത്താൽ അല്ലാഹുവിന്റെ സമ്പൂർണ പ്രബോധന ഗ്രന്ഥത്തിൽ ആ ചാരുതയാർന്ന ഉപമാലങ്കാര ശൈലി ഉപയോഗിച്ചിട്ടുള്ളതുപോലെ മറ്റൊരു ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടില്ല. അപ്പോൾ എല്ലായിടത്തും എല്ലാ അവസരത്തിലും ആ പരിശുദ്ധമായ ഉപമാലങ്കാരങ്ങളെ യഥാർഥ രൂപത്തിൽത്തന്നെ ബാധകമാക്കുകയെന്നത് പിടികിട്ടാത്ത വാക്യ വ്യവസ്ഥിതിയെ തകർക്കുക എന്നതായിരിക്കും. ഈ രീതിയിൽ അല്ലാഹുവിന്റെ വാക്ചാതുര്യഭരിതമായ വാക്യങ്ങളുടെ യഥാർഥ ഉദ്ദേശ്യം തകർന്ന് തരിപ്പണമായിപ്പോകുകയും ചെയ്യും. എന്നല്ല അതിനോടൊപ്പംതന്നെ ഈ ദൈവവാക്യങ്ങളുടെ ഉന്നതനിലയിലുള്ള വാക്ചാതുര്യത്തേയും നശിപ്പിച്ചു കളയുകയാണ് ചെയ്യുന്നത്. മനോഹരവും ഹൃദയാവർജകവുമായ വ്യാഖ്യാനം എന്നു പറയുന്നതു, പറയുന്നയാളുടെ ഉന്നതമായ ഭാഷാപ്രയോഗത്തിലുള്ള പാടവത്തേയും അയാളുടെ ധാർമികതയേയും മികച്ച അഭിപ്രായങ്ങളേയും കുറിച്ച് ഒരു ധാരണ അതിലുണ്ടായിരിക്കുക എന്നതാണ്. അല്ലാതെ അങ്ങേയറ്റം തരംതാണതും വികൃതവും കെട്ടുംമട്ടും ഇല്ലാത്തതുമായ വിലകുറഞ്ഞ അർഥം-ആ അർഥം ബാഹ്യത്തിൽ വന്ദനവും യഥാർഥത്തിൽ നിന്ദനവുമായിരിക്കും-സ്വന്തമായി കൃതിച്ചുണ്ടാക്കുകയും പരിശുദ്ധവും അതിസൂക്ഷ്മവുമായ ജ്ഞാനങ്ങൾ ഉൾക്കൊള്ളുന്ന അല്ലാഹുവിന്റെ വാക്യങ്ങളെ വെറും അപരിഷ്കൃതമായ വാക്കുകൾക്കുള്ളിൽ തളച്ചിടുകയും ചെയ്യുക എന്നതല്ല. ദൈവഗ്രന്ഥത്തിൽ ഉണ്ടായിരിക്കേണ്ടതും ധാരാളമായിട്ടുള്ളതുമായ ആ അതിസൂക്ഷ്മങ്ങളായ രഹസ്യങ്ങൾക്കെതിരിൽ എന്തിനാണ് വികൃതവും വിലകുറഞ്ഞതും അറപ്പുളവാക്കുന്നതുമായ അർഥം ഇഷ്ടപ്പെടുന്നതെന്ന് നമുക്കു മനസ്സിലാകുന്നില്ല. അല്ലാഹുവിന്റെ യുക്തിഭദ്രമായ മഹിമാവിലാസത്തിനനുസരിച്ചും അവന്റെ ഉന്നത നിലയിലുള്ള വാക്യത്തിനു ചേർന്നതരത്തിലുമുള്ള മനോഹരമായ അർഥങ്ങൾ എന്തുകൊണ്ട് കൊടുക്കുന്നില്ല? ദൈവികമായ തത്ത്വചിന്തകളുടെ അടുത്തുവരാൻ ആഗ്രഹിക്കാത്ത നമ്മുടെ ഉലമാഇന്റെ ബുദ്ധി അകാരണമായി അഹങ്കാരത്താൽ നിറഞ്ഞിരിക്കുന്നതെന്തിന്? ഈ ഗവേഷണങ്ങളിൽ തങ്ങളുടെ ചോരയും വിയർപ്പും ഒന്നാക്കിയവർ, നാം ഈ പറയുന്നത് നിഷേധിക്കുകയില്ലെന്ന് മാത്രമല്ല അവർക്കു സന്തോഷമുണ്ടാകുകയും ചെയ്യും. ഒരു പുതിയ സത്യം അവർക്കു ലഭിക്കുകയും ചെയ്യും. അത് അവർ വലിയ ആഘോഷത്തോടെ ജനങ്ങളിൽ വിവരിക്കുകയും, പൊതുജനത്തിന് ഒരു ആത്മീയനേട്ടമെത്തിച്ചു കൊടുക്കുകയും ചെയ്യും. എന്നാൽ, വെറും ബാഹ്യമായ ദൃഷ്ടിക്കുള്ളിൽ തങ്ങളുടെ ചിന്തയേയും ബുദ്ധിയേയും തളച്ചിട്ടിരിക്കുന്നവർ അന്യായമായ ആക്ഷേപങ്ങളുടെ തുലാസിന് ആക്കം കൂട്ടുകയും അനാവശ്യമായി കോലാഹലം സൃഷ്ടിക്കുകയും ചെയ്യുക എന്നതല്ലാതെ ഇസ്ലാമിന് തങ്ങളെക്കൊണ്ട് ഒരു നേട്ടവും ഉണ്ടാക്കുകയില്ല.

ഇനി നാം വിവരിക്കാനുദ്ദേശിക്കുന്നത് നമ്മുടെ മാർഗദർശിയും നേതാവും ഖത്തമുൽമുർസലീനുമായ നബി(സ)തിരുമേനി ആദ്യം വന്ന മസീഹും രണ്ടാമതു വരുന്ന മസീഹും തമ്മിലുള്ള വ്യത്യാസം നിലനിറുത്തന്നതിനായി, രണ്ടാമത്തെ മസീഹ് ഒരു മുസൽമാനായിരിക്കുമെന്നും ഖുർആനിക ശരീഅത്തനുസരിച്ച് പ്രവർത്തിക്കുമെന്നും മുസ്ലിമീങ്ങളെപ്പോലെ നോമ്പുപിടിക്കുമെന്നും നമസ്കരിക്കുമെന്നും ഖുർആനിക കല്പനകൾ പാലിക്കുമെന്നും മുസ്ലിമീങ്ങളിൽ ജനിക്കുമെന്നും അവർക്ക് ഇമാം ആയിരിക്കുമെന്നും വേറിട്ടൊരു ദീൻകൊണ്ടു വരികയില്ലെന്നും വേറിട്ടൊരു പ്രവാചകത്വം വാദിക്കുകയില്ലെന്നും മാത്രമല്ല പറഞ്ഞത്. പ്രത്യുത ആദ്യം വന്ന മസീഹിന്റേയും രണ്ടാമതു വരുന്ന മസീഹിന്റേയും ലക്ഷണത്തിലും വ്യക്തമായ വ്യത്യാസം ഉണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട്.

മിഅ്റാജ്(നബിതിരുമേനിക്ക് ആത്മീയമായ ആകാശാരോഹണം ഉണ്ടായ)രാവിൽ, ഇടത്തരം പൊക്കവും ചെമപ്പുനിറവും മുടിചുരുണ്ടതും നെഞ്ചുവീതിയേറിയതുമായ ആളായിട്ടാണ് നബി(സ)തിരുമേനി ആദ്യം വന്ന മസീഹിനെ കണ്ടത് (സ്വഹീഹ് ബുഖാരി പേജ് 489). പക്ഷേ, ഇതേ ഗ്രന്ഥത്തിൽ രണ്ടാമതു വരാനിരിക്കുന്ന മസീഹിന്റെ ലക്ഷണം നബി(സ)തിരുമേനി പറഞ്ഞത്, അദ്ദേഹത്തിന്റെ നിറം ഗോതമ്പത്തിന്റേതായിരിക്കുമെന്നും മുടി നീണ്ടതായിരിക്കുമെന്നും ചെവിവരെ അത് നീണ്ടുകിടക്കുമെന്നുമാണ്. നബി(സ)തിരുമേനി പറഞ്ഞ ആദ്യം വന്ന മസീഹും വരാനിരിക്കുന്ന മസീഹും തമ്മിലുള്ള വ്യത്യസ്തമായ ഈ രണ്ടു ലക്ഷണങ്ങളും ആദ്യം വന്ന മസീഹും വരാനിരിക്കുന്ന മസീഹും ഒരാളല്ല രണ്ടു വ്യത്യസ്ത വ്യക്തികളാണെന്ന് വേണ്ടുംവിധം സുവ്യക്തമാക്കുന്നില്ലേ എന്നാണ് ഇനി നമ്മൾ ചിന്തിക്കേണ്ടത്. ഇവർ രണ്ടു പേരേയും ഇബ്നു മർയം എന്നു വിളിച്ചിട്ടുള്ളത് ആലങ്കാരികമായിട്ടാണ്. ഇവർ തമ്മിലുള്ള സ്വഭാവപരമായ സാദൃശ്യം കൊണ്ടും ആത്മീയമായ പ്രത്യേകതകൊണ്ടുമാണ് അങ്ങനെ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ആന്തരികമായ പ്രത്യേകതയുടെ സാദൃശ്യത്തിന്റെ അടിസ്ഥാനത്തിൽ നല്ലവരായ രണ്ടാളുകൾ ഒരേയൊരു നാമത്തിന് അർഹരാകാവുന്നതാണ്.

അപ്രകാരം തന്നെ രണ്ടു ചീത്തയാളുകളും ഒരേയൊരു ദുഷിച്ച ധാതുവിൽ പങ്കാളിയാകുന്ന കാരണത്താൽ ഒരാൾ മറ്റെയാളുടെ പ്രതിനിധിയായി പറയപ്പെടാറുമുണ്ട്. മുസ്‌ലിമീങ്ങൾ തങ്ങളുടെ കുട്ടികൾക്ക് അഹ്മദ് എന്നും മൂസാ എന്നും ഈസാ എന്നും സുലയ്മാനെന്നും ദാവൂദ് എന്നും പേരിടാറുണ്ട്. ശുഭാശുഭങ്ങൾ കണക്കാക്കിയാണ് അവർ അങ്ങനെ പേരിടുന്നത്. ഇതു മുഖേന അവർ വിചാരിക്കുന്നത് തങ്ങളുടെ കുട്ടികളും ആ മഹാത്മാക്കളുടെ ആത്മീയമായ രൂപവിശേഷണവും പ്രത്യേകതകളും തികവുറ്റതും പരിപൂർണവുമായ നിലയിൽ സ്വായത്തമാക്കി അവരെപ്പോലെയായിത്തീരണമെന്നാണ്. മസീഹു നബിയായതുകൊണ്ട് മസീഹിന്റെ സദൃശനും നബിയായിരിക്കണമെന്നാരെങ്കിലും പറയുകയാണെങ്കിൽ അതിനുള്ള മറുപടി, വരാൻപ്പോകുന്ന മസീഹിനു നമ്മുടെ നബി(സ)തിരുമേനി നുബുവ്വത്തുണ്ടാകണമെന്ന നിബന്ധന വെച്ചിട്ടില്ല എന്നാണ്. എന്നല്ല വ്യക്തമായും എഴുതിയിട്ടുളളത് അദ്ദേഹം ഒരു മുസൽമാനായിരിക്കുമെന്നും സാധാരണ മുസ്‌ലിമീങ്ങളെപ്പോലെ ശരീഅത്ത് പാലിക്കുന്നയാളുമായിരിക്കുമെന്നാണ്. താൻ മുസൽ മാനും മുസലിമീങ്ങളുടെ ഇമാമും ആണെന്നല്ലാതെ മറ്റൊന്നും അദ്ദേഹം പ്രകടിപ്പിക്കുകയില്ല. ഇതു കൂടാതെ ഈ സാധു അല്ലാഹുവിൽനിന്ന് ഈ ഉമ്മത്തിനുവേണ്ടി മുഹദ്ദഥ് (അല്ലാഹുവിൽ നിന്ന് അധികമായി ഭാഷണം ഉണ്ടാകുന്നയാൾ) ആയി വന്നിരിക്കുന്നുവെന്നതിൽ ഒരു സംശയവുമില്ല. മുഹദ്ദഥും ഒരർഥത്തിൽ നബി തന്നെയാണ്. സമ്പൂർണമായ നുബുവ്വത്തല്ല. എന്നാൽ, ഭാഗികമായ നിലയിൽ അദ്ദേഹം ഒരു നബി തന്നെയാണ്. കാരണം അദ്ദേഹം അല്ലാഹുവിനോടു സംസാരിക്കുന്നതിന് ഒരു യോഗ്യതകൈവരിക്കുന്നു. അദൃശ്യകാര്യങ്ങൾ അദ്ദേഹത്തിൽ വെളിവാക്കപ്പെടുന്നു. റസൂൽമാരേയും നബിമാരേയും പോലെ അദ്ദേഹത്തിനുണ്ടാകുന്ന വഹ്‌യേയും (വെളിപാട്) ശയ്ത്വാന്റെ കൈകടത്തലിൽനിന്ന് പരിശുദ്ധമാക്കിത്തീർക്കുന്നു. ശരീഅത്തിന്റെ മർമപ്രധാനമായ കാര്യങ്ങൾ അദ്ദേഹത്തിൽ തുറക്കപ്പെടുന്നു. അദ്ദേഹം നബിമാരെപ്പോലെത്തന്നെ നിയോഗിതനായി വരുന്നു. നബിമാരെപ്പോലെ ഉച്ചത്തിൽ പ്രഖ്യാപനം നടത്തേണ്ടത് അദ്ദേഹത്തിന്റെ നിർബന്ധ കടമയാണ്. അദ്ദേഹത്തെ നിഷേധിക്കുന്നവൻ ഒരു പരിധിവരെ ശിക്ഷാർഹനായിത്തീരുന്നു. നുബുവ്വത്തിന്റെ അർഥം, മുകളിൽ പറഞ്ഞ കാര്യം അദ്ദേഹത്തിൽ ഉണ്ടാകുകയെന്നതല്ലാതെ മറ്റൊന്നുമല്ല.

പ്രവാചകത്വ കവാടം അടക്കപ്പെട്ടുവെന്നും പ്രവാചകന്മാർക്ക് ഇറങ്ങാറുളള ദിവ്യസന്ദേശം മുദ്രചെയ്യപ്പെട്ടുവെന്നും വാദിക്കുന്നുവെങ്കിൽ അതിന് എന്റെ പ്രതികരണം ഇപ്രകാരമാകുന്നു. പ്രവാചകത്വ കവാടം എല്ലാ തലങ്ങളിലും അടക്കപ്പെട്ടിട്ടില്ല. ദിവ്യസന്ദേശമിറങ്ങുന്ന എല്ലാ വഴികളും മുദ്ര ചെയ്യപ്പെട്ടിട്ടുമില്ല. പ്രത്യുത ദൈവകാരുണ്യങ്ങൾ വർഷിക്കപ്പെട്ട ഈ സമുദായത്തിനുവേണ്ടി ഭാഗിക നുബുവ്വത്തിന്റെ കവാടം എക്കാലത്തേക്കും തുറന്നു കിടക്കുന്നു. സകല കാലത്തും നിരന്തരമായി ലഭ്യമാകുന്ന പ്രസ്തുത പ്രവാചകത്വം, പ്രവാചകത്വത്തിന്റെ എല്ലാ ഘടകങ്ങളാലും സമ്പൂർണമായ ഒന്നല്ല എന്ന് ഉള്ളുണർന്ന് ഓർത്തിരിക്കേണ്ടതാകുന്നു. മറ്റൊരു തരത്തിൽ അത് ഇതിനുമുമ്പേ പറഞ്ഞതുപോലെ ഭാഗിക നുബുവ്വത്താകുന്നു. മുഹദ്ദഥിയ്യത്ത എന്നും ഇതിനു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇത് സർവസൽഗുണങ്ങളും സമജ്ജസമായി സമ്മേളിക്കപ്പെട്ട സമ്പൂർണ മനുഷ്യൻ ഹദ്റത്ത് സയ്യിദുനാ വമൗലാനാ മുഹമ്മദു മുസ്തഫാ(സ)യെ പിൻപറ്റുന്നതുകൊണ്ടു മാത്രം സിദ്ധിക്കുന്നതുമാകുന്നു.

അപ്പോൾ നീ അറിയുക, അല്ലാഹു നിനക്കു നേർവഴി കാണിച്ചു തരുമാറാകട്ടെ. നിശ്ചയം നബി മുഹദ്ദഥ് ആകുന്നു. പ്രവാചകത്വത്തിന്റെ അംശങ്ങളിൽനിന്ന് ഒരംശം സിദ്ധിക്കുക എന്ന നിലയിൽ മുഹദ്ദഥ് നബിയുമാകുന്നു. നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു, ലം യബ്ഖ മിനന്നുബുവ്വത്തി ഇല്ലൽമുബശ്ശിറാത്തു. മുബശ്ശിറാത്ത് (അദൃശ്യ വർത്തമാനങ്ങൾ) ഒഴികെ പ്രവാചകത്വത്തിൽനിന്ന് ഒന്നുംതന്നെ അവശേഷിച്ചിട്ടില്ല. അതായത് പ്രവാചകത്വത്തിന്റെ അംശങ്ങളിൽ ഒരംശമല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല. അത് മുബശ്ശിറാത്താകുന്നു. റുഅ്‌യാ സ്വാദിഖയും (സത്യാധിഷ്ഠിതമായ സ്വപ്നങ്ങൾ) മുകാശിഫാത്തുസ്സ്വഹീഹയും (നേരായ ജാഗ്രദർശനങ്ങൾ) സവിശേഷരായ ഔലിയാക്കളിൽ ഇറങ്ങുന്ന ദിവ്യവെളിപാടാണ്. ഋജുമാനസരായ ജനതയുടെ ഹൃദയങ്ങളിൽ ജ്വലിക്കുന്ന പ്രകാശമാണത്. ഓ സൂക്ഷ്മദൃക്കായ മനുഷ്യാ! ശ്രദ്ധിക്കുക! ഇതിൽനിന്ന് പ്രവാചകത്വത്തിന്റെ എല്ലാതരം കവാടങ്ങളും കൊട്ടി അടച്ചുവെന്നാണോ മനസ്സിലാക്കപ്പെടേണ്ടത്? എന്നാൽ, ശരീഅത്ത് ഉൾക്കൊള്ളുന്ന സമ്പൂർണ പ്രവാചകത്വം അവസാനിച്ചിരിക്കുന്നുവെന്ന് ഹദീഥ് സൂചിപ്പിക്കുന്നുണ്ട്. പക്ഷേ, മുബശ്ശിറാത്താകുന്ന പ്രവാചകത്വം പുനരുഥാന നാൾവരെ അവശേഷിക്കുന്നു. അതൊരിക്കലും മുറിഞ്ഞു പോകുകയില്ല. തീർച്ചയായും റുഅ്‌യാ സ്വാലിഹഃ എന്നത് സമ്പൂർണമായ പ്രവാചകത്വത്തിന്റെ 46 അംശങ്ങളിൽ ഒരു അംശമാണെന്ന് ഹദീഥു ഗ്രന്ഥങ്ങളിൽ നീ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടുതാനും. സ്വപ്നം കാണുന്ന ഒരാൾക്ക് ഈ സ്ഥാനം ലഭിക്കുന്നുവെങ്കിൽ, മുഹദ്ദഥീംകളിൽ അല്ലാഹു ദിവ്യവെളിപാട് ഇറക്കുമെന്ന കാര്യത്തിൽ എതിരുപറയാൻ നിനക്കെങ്ങനെ സാധിക്കും? അറിയുക, അല്ലാഹു നിന്നെ സഹായിക്കുമാറാകട്ടെ. നാം ഇപ്പോൾ പറഞ്ഞതിന്റെ ചുരുക്കം പ്രവാചകത്വത്തിന്റെ ഒരംശം എന്നെന്നേക്കുമായി തുറന്നു കിടപ്പുണ്ടെന്നാണ്. അത് മുബശ്ശിറാത്താകുന്ന പ്രവാചകത്വമാണ്. അവ പരോക്ഷമായ കാര്യങ്ങളെക്കുറിച്ചുളള താക്കീതുകളാകാം. അതല്ലെങ്കിൽ വിശുദ്ധഖുർആന്റെ സൂക്ഷ്മ ജ്ഞാനങ്ങളോ അഭൗമിക ജ്ഞാനങ്ങളോ ആകാം. എന്നാൽ, ഔന്നത്യങ്ങളുടെ സകല വൈശിഷ്ട്യങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ പ്രവാചകത്വം മാ കാന മുഹമ്മദുൻ അബാ അഹദിൻ മ്മിർരിജാലിക്കും വലാക്കിൻ റസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ എന്ന വചനം അവതരിച്ച നാൾ മുതൽ നിറുത്തൽ ചെയ്യപ്പെട്ടിരിക്കുന്നതായി നാം വിശ്വസിക്കുന്നു. ഈ സാധുവും മർയമിന്റെ മകൻ മസീഹും തമ്മിൽ ഏതെല്ലാം വിശേഷഗുണത്തിലും ആത്മീയ ശക്തിയിലുമാണ് സാദൃശ്യമുള്ളതെന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി അത് മൊത്തത്തിൽ ഞങ്ങൾ രണ്ടുപേരുടേയും ആത്മീയശക്തികളിൽ ഒരു പ്രത്യേകമായ നിലയിൽ നിക്ഷേപിക്കപ്പെട്ടിട്ടുളളതാകുന്നു എന്നതാണ്. ഇതിന്റെ പരമ്പരയുടെ ഒരു ഭാഗം താഴേക്കും ഒരു ഭാഗം മുകളിലേക്കും പോകുന്നു. താഴേക്ക് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികളോടു കാണിക്കുന്ന ഉന്നത നിലയിലുള്ള ദയാവായ്പും സഹിഷ്ണുതയുമാണ്. അത് ദാഈ ഇലല്ലായേയും (അല്ലാഹുവിലേക്കു ക്ഷണിക്കുന്നവനേയും) അദ്ദേഹത്തിന്റെ സന്നദ്ധ ശിഷ്യന്മാരേയും ശക്തമായി കൂട്ടിബന്ധിച്ച്, അല്ലാഹുവിലേക്കു ക്ഷണിക്കുന്നവന്റെ കളങ്കമറ്റ ആത്മാവിൽ കുടികൊള്ളുന്ന തേജോമയശക്തിയെ ഹരിതാഭമായ ആ എല്ലാ ശാഖകളിലും വ്യാപിപ്പിക്കുന്നു. മുകളിലേക്കു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അതിശക്തമായ വിശ്വാസവുമായി കൂടിച്ചേർന്നുളള ഉന്നതമായ സ്നേഹമാണ്. അത് ഒന്നാമതായി മനുഷ്യന്റെ ഹൃദയത്തിൽ ദൈവേച്ഛയാലുണ്ടാകുകയും, സർവശക്തനായ രക്ഷിതാവിന്റെ സ്നേഹത്തെ തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ആ രണ്ടു സ്നേഹങ്ങളും തമ്മിൽ സംഗമിക്കുന്നതിനാൽ-അത് യഥാർഥത്തിൽ പുരുഷ-സ്ത്രീ ബന്ധത്തിന്റെ ആജ്ഞ ഉൾക്കൊളളുന്നുണ്ട്- സ്രഷ്ടാവും സൃഷ്ടികളും തമ്മിൽ ഒരു സുദൃഢബന്ധവും ശക്തമായൊരു സംഗമവും ഉണ്ടായിക്കൊണ്ട് ദൈവസ്നേഹത്തിന്റെ തിളങ്ങുന്ന അഗ്നിയാൽ സൃഷ്ടികളുടെ ചൂട്ടിനു സമാനമായ സ്നേഹത്തെ പിടിച്ചെടുത്ത് മൂന്നാമതൊരു വസ്തു ജന്മം കൊള്ളുന്നു. അതിന്റെ പേരാണ് റൂഹുൽ ഖുദുസ്. അല്ലാഹു തന്റെ പ്രത്യേക ഉദ്ദേശ്യത്താൽ ഈ രീതിയിലുള്ള സ്നേഹം ഉണ്ടാക്കുന്നതു മുതലാണ് ഈ പദവിയിലുള്ള മനുഷ്യന്റെ ആത്മീയ ജനനം സംഭവിക്കുന്നതെന്ന് മനസ്സിലാക്കപ്പെടുന്നു. ഈ പദവിയിലും ഈ നിലയിലുമുള്ള സ്നേഹത്തിൽ അല്ലാഹുവിന്റെ സ്നേഹഭരിതമായ ആത്മാവ്, ദൈവേച്ഛയാൽ പ്രേമനിർഭരമായ ആ മനുഷ്യാത്മാവിന് ഒരു നവജന്മം നല്കുന്നുവെന്ന് ആലങ്കാരികമായി പറയുന്നത് നിരർഥകമാകുകയില്ല. തന്മൂലം ആ സ്നേഹം കൊണ്ടു നിറഞ്ഞ ആത്മാവിന് അല്ലാഹുവിന്റെ ആത്മ ചൈതന്യവുമായി -അത് സ്നേഹത്തിന്റെ ഊത്താണ്-ആലങ്കാരികമായ നിലയിൽ പുത്രത്ത്വത്തിന്റെ ബന്ധം ഉണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ സംഗമിക്കുമ്പോൾ റൂഹുൽഖുദുസ് മനുഷ്യഹൃദയത്തിൽ പിറവിയെടുക്കുന്നു. അതിനാൽ അത് അവർ രണ്ടു പേരുടേയും സന്തതിയാണെന്ന് പറയാവുന്നതാണ്. ഇതുതന്നെയാണ് പരിശുദ്ധ ത്രിത്വം. സ്നേഹത്തിന്റെ ഈ പദവിക്ക് അത് നിർബന്ധമാണ്. ഇതിനെ അവിശുദ്ധ പ്രകൃതക്കാർ ബഹുദൈവപരമായ നിലയിൽ മനസ്സിലാക്കുകയും സത്തയെ നശിപ്പിക്കുന്നതും യാഥാർഥ്യത്തെ നിരർഥമാക്കുന്നതുമായ അണുമാത്ര സംഭാവ്യതയെ മഹോന്നതനായ അല്ലാഹുവിനോട് സമമായി നിശ്ചയിക്കുകയുമാണ് ചെയ്തത്.

ഈ പദവി ഈ വിനീതനും മസീഹിനും(ഈസാ)വേണ്ടി അംഗീകരിക്കപെട്ടിട്ടുള്ളതാണെണെങ്കിൽ, അപ്പോൾപ്പിന്നെ എല്ലാവരുടേയും നേതാവും റസൂൽമാരിൽ ഉന്നതനും നബിമാരിൽ ശ്രേഷ്ഠനും നമ്മുടെ നേതാവും യജമാനനുമായ മുഹമ്മദുനബി(സ)യ്ക്ക് എന്തു പദവിയാണ് അവശേഷിക്കുന്നതെന്ന് ചോദിക്കുകയാണെങ്കിൽ അത് ഒരു സമുന്നതസ്ഥാനവും അത്യുന്നതമായ പദവിയുമാണെന്നാണ്. അത് ആ വിശേഷ ഗുണങ്ങളുടെ സമ്പൂർണ വ്യക്തിയിൽ പരിസമാപ്തിക്കുറിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അവസ്ഥ അനുഭവിച്ചറിയാൻപോലും ആർക്കും കഴിയുകയില്ല, പിന്നെയല്ലേ മറ്റാർക്കെങ്കിലും അത് ലഭിക്കാൻ പോകുന്നത്.

*ഉദാരവാനായ അല്ലാഹു അല്ലാതെ മറ്റാരാണ്*
*അഹ്മദി(സ)ന്റെ മഹിമാവിലാസം അറിയുന്നത്.*
*(അഹ്മദ് എന്ന പേരിന്റെ) ഇടയിൽനിന്ന്*
*മീമ് എന്ന അക്ഷരം വീണു വേർപ്പെട്ടതുപോലെ*
*ആ മഹാത്മാവ് സ്വാർഥതത്പരതയിൽനിന്ന്*
*വേർപെട്ടിരിക്കുന്നു.*

*തന്റെ പ്രിയതമനുമായുള്ളസമ്പൂർണ ഐക്യ*
*ത്താൽ ആപാദചൂഢം അങ്ങുന്ന്കരുണാമയനായ*
*രക്ഷിതാവിന്റെ രൂപമാകുംവിധം ലയിച്ചുപോയി.*

*ആ മഹാത്മാവിന്റെ മുഖകമലത്തിൽനിന്ന്*
*യഥാർഥ പ്രേമഭാജനത്തിന്റെ സൗരഭ്യം*

*നിർഗളിച്ചുകൊണ്ടിരിക്കുന്നു.*
*ആ മഹാത്മാവിന്റെ വ്യക്തിത്വം*
*ദൈവപരമായ വിശേഷഗുണവഹിക്കുന്നതും*
*അനാദ്യനായ അസ്തിത്വത്തിന്റെ*
*(അല്ലാഹുവിന്റെ) പ്രതീകവുമാകുന്നു.*

*എന്നെക്കുറിച്ച് മതപരിത്യാഗിയെന്നും വഴി*
*പിഴച്ചവനെന്നും ആര് പറഞ്ഞാലും വേണ്ടില്ല,*
*അഹ്മദിന്റെ(സ)മനസ്സുപോലെമഹോന്നതമായ*
*ഒരു അർശും എനിക്കു എവിടെയും*
*കാണാൻ കഴിയുന്നില്ല.*

*അല്ലാഹുവിനു നന്ദി!*
*ആ അനുഗ്രഹങ്ങളുടെ ഉറവിടത്തോടുള്ള*
*സ്നേഹം കാരണത്താൽ*
*ഞാൻ ഭൗതികരായ ആളുകളിൽനിന്ന്*
*നൂറുക്കണക്കിനു വിപത്തുകളാണ്*
*വിലക്കുവാങ്ങിയിട്ടുള്ളത്.*

*അല്ലാഹുവിന്റെ ഔദാര്യങ്ങളും*
*ആ പരിശുദ്ധ ഗുണങ്ങളുടെ*
*ഉൺമയുടെ അനുഗ്രഹങ്ങളുംകൊണ്ട്*
*ഞാൻ ആ (ദൈവവുമായി) ഭാഷണം*
*നടത്തുന്ന*
*അസ്തിത്വത്തോടുള്ള പ്രേമാതിരേകത്താൽ*
*ഫിർഔന്മാരുടെ ശത്രുവായിത്തീർന്നിരിക്കുന്നു.*

*അദ്ദേഹത്തിന്റെ ആ പ്രത്യേക സ്ഥാനവും*
*പദവിയും എനിക്കു വെളിവാക്കപ്പെട്ടു.*
*ആ വഴിയിലെ ഏതെങ്കിലും*
*ശുദ്ധപ്രകൃതക്കാരനെ കണ്ടിരുന്നുവെങ്കിൽ*
*അവനോടു ഞാനതു പറയുമായിരുന്നു.*

*മുഹമ്മദിനോടുള്ള(സ)പ്രേമത്തിന്റെ വഴിയിൽ*
*എന്റെ ശരീരവും എന്റെ ജീവനും ബലിയാണ്.*
*ഇതാണെന്റെ ആഗ്രഹം,*
*ഇതാണെന്റെ പ്രാർഥന.*
*എന്റെ മനസ്സിലെ*
*ദൃഢനിശ്ചയവും ഇതുതന്നെ.*

ഇനി നബി(സ)തിരുമേനിയുടെ ഉന്നതമായ സ്ഥാനം തിരിച്ചറിയുന്നതിനുവേണ്ടി അതിനെക്കുറിച്ച് എഴുതേണ്ടത് അത്യാവശ്യമാണ്. ദൈവസാമീപ്യത്തിന്റേയും ദൈവസ്നേഹത്തിന്റേയും നിലകൾ അതിന്റെ ആത്മീയമായ സ്ഥാനങ്ങളനുസരിച്ച് മൂന്നു തരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഏറ്റവും താഴ്ന്ന നിലയിലുള്ള പദവി-യഥാർത്ഥത്തിൽ അതും വലുതു തന്നെയാണ്- ഇതാണ്: ദൈവസ്നേഹത്തിന്റെ അഗ്നി മനുഷ്യമനസ്സിന്റെ ഫലകത്തെ ചൂടാക്കുന്നു. എത്രത്തോളമെന്നാൽ, ആ ചൂട് പിടിപ്പിക്കപ്പെട്ട വസ്തുവും അഗ്നിയുടെ ചില ഗുണങ്ങൾ കാണിക്കുന്നതാണ്. പക്ഷേ, ആ ആകർഷണത്തിൽ അഗ്നിയുടെ തിളക്കം ഉണ്ടാകുകയില്ല എന്ന കുറവ് അവശേഷിക്കുന്നുണ്ടാകും. ആ നിലയിലുള്ള സ്നേഹത്തിനുമീതെ അല്ലാഹുവിന്റെ സ്നേഹത്തിന്റെ ജ്വാല പതിച്ചു കഴിഞ്ഞാൽ ആ ജ്വാലയിൽനിന്ന് ആത്മാവ് എത്രത്തോളം ചൂടാകുമെന്നുവച്ചാൽ, അവന് സമാധാനവും ശാന്തിയും ലഭിക്കുകയും ചിലപ്പോൾ മാലാഖ എന്നും മലക്ക് എന്നുമുള്ള വാക്കുകളാൽ വ്യാഖ്യാനിക്കപ്പെടുകയും ചെയ്യും.(തുടരും)

## മക്കളുടെ ശിക്ഷണവും നബി(സ)തിരുമേനിയുടെ മാതൃകയും

നിയാസ് അഹ്മദ് നാഇക്
(ഉസ്താദ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ)

**ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്വത്തുൻ ഹസനത്തുൻ (33:22)**

നബി(സ)തിരുമേനി നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പിൻപറ്റുന്നതിന് അർഹനും വഴികാട്ടിയുമാണ്.

എല്ലാവിധത്തിലും അന്ധകാരവും ഇരുട്ടിന്റെ കാളിമയും വ്യാപിച്ചിരുന്ന കാലഘട്ടത്തിലാണ് നബി(സ)തിരുമേനി ജനിച്ചത്. മക്കളുടെ ശിക്ഷണത്തിന്റെ കാര്യത്തിലും അറേബ്യൻജനത നീചപ്രവൃത്തികളുടെ ഇരയായിരുന്നു. പെൺകുട്ടിയുടെ ജനനം വെറുപ്പോടെയാണ് അവർ കണ്ടിരുന്നത്. ചില ഗോത്രങ്ങളിൽ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. കുട്ടികളോടു കാഠിന്യത്തോടും കാർക്കശ്യത്തോടും പെരുമാറിയിരുന്നു. ഒരിക്കൽ ഒരു ഗ്രാമീണനായ അറബി ഇഖ്റാ ബിൻ ഹാബിസ് നബി(സ) തിരുമേനി, കുട്ടികൾക്ക് മുത്തംകൊടുക്കുന്നതു കണ്ടു. അപ്പോൾ അയാൾ നബി(സ)തിരുമേനിയോടു അത്ഭുതത്തോടെ ചോദിച്ചു: അത്തഖബ്ബിലൂന സിബ്‌യാനക്കും അങ്ങ് കുട്ടികൾക്ക് മുത്തം കൊടുക്കുകയോ? അവരെ സ്നേഹിക്കുകയോ?

വളർന്നു വലുതായി യുദ്ധങ്ങളിലും ബലാൽക്കാരങ്ങളിലും പങ്കെടുത്ത് ജനതയുടെ അന്തസ്സിന് നിമിത്തമാകുന്നതിനുവേണ്ടി മാത്രമായിരുന്നു അവർ കുട്ടികളെ സ്നേഹിച്ചിരുന്നത്. അവരുടെ പേരുതന്നെ *ഹർബി* എന്നും *ജംഗി*(യുദ്ധംചെയ്യുന്നവൻ) എന്നും വെച്ചിരുന്നു. ഹദ്റത്ത് അലിയുടെ ആദ്യത്തെ മകൻ ഹസൻ ജനിച്ചപ്പോൾ അദ്ദേഹത്തിന്റെ പേര് *ഹർബ്* എന്നാണ് വെച്ചത്. *ഹർബ്* എന്നതിന്റെ അർഥം യുദ്ധമെന്നാണ്. നബി(സ)തിരുമേനി ഇതറിഞ്ഞപ്പോൾ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ പേര് ഹർബ് എന്ന് മാറ്റി ഹസൻ എന്നുവെച്ചു.

അതായത് നബി(സ)തിരുമേനിയുടെ നിയോഗം കുട്ടികളുടെ ശിക്ഷണത്തിന്റെ പരമ്പരയിലും കാരുണ്യത്തിന് കാരണമാകുകയും മക്കളുടെ തർബിയ്യത്തിന്റെ പരമ്പരയിൽ നബി(സ)തിരുമേനി മാർഗദർശനത്തിന്റെ അടിസ്ഥാനപരമായ തത്ത്വം വ്യക്തമാക്കുകയും ചെയ്തു. അത് നമുക്ക് വിശുദ്ധഖുർആനിലും തിരുഹദീഥുകളിലും തുടരെ ലഭിക്കുന്നുണ്ട്. അവയെല്ലാം ഇവിടെ വലയം ചെയ്യുക എന്നത് കൂജയിൽ സമുദ്രത്തെ ഒതുക്കി നിറുത്തുന്നതുപോലെയാണ്. ചില കാര്യങ്ങൾ പ്രതിപാദിക്കുകയാണ്.

നബി(സ)തിരുമേനി സന്താനങ്ങളുടെ തർബിയ്യത്തിന്റെ വിഷയത്തിൽ സ്വീകരിച്ച മാർഗം വിശുദ്ധഖുർആന്റെ അധ്യാപനങ്ങളനുസരിച്ചായിരുന്നു. ഹദ്റത്ത് ആഇശ(റ)പറഞ്ഞു: കാന ഖുലുഖുഹുൽ ഖുർആൻ. അവിടന്ന് വിശുദ്ധഖുർആന്റെ കർമപരമായ ചിത്രമായിരുന്നു. സന്താനങ്ങളുടെ തർബിയ്യത്തിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ വന്നിട്ടുള്ള അധ്യാപനങ്ങളെല്ലാം അനുസരിച്ച് അവിടന്ന് കർമം ചെയ്തുകാണിച്ചു.

നബി(സ)തിരുമേനിയുടെ മാതൃക അനുസരിച്ച് നമുക്കറിയാൻ കഴിയുന്നത് സന്താനങ്ങളുടെ ശിക്ഷണം ജനിക്കുന്നതിനു മുമ്പേ തുടങ്ങുന്നുവെന്നാണ്. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് നിക്കാഹിന് നല്ലതും സ്നേഹിക്കുന്നവളുമായ ഭാര്യയെ തിരഞ്ഞെടുക്കുക എന്ന്. നബി(സ)തിരുമേനിയുടെ അടുത്ത് ഒരാൾ വന്നു ചോദിച്ചു: ഖിയാമത്ത് എപ്പോഴാണ് വരുന്നത്? അവിടന്ന് ചോദിച്ചു: അതിനുവേണ്ടി താങ്കൾ എന്തു തയ്യാറെടുപ്പാണ് നടത്തിയത്?ഇതിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് ഏതെങ്കിലും സംഭവത്തിനുള്ള തയ്യാറെടുപ്പ് അത് വെളിച്ചത്തു വരുന്നതിനുമുമ്പേ കൂടുതൽ പ്രാധാന്യമുള്ളതാണെന്നാണ്. ഇപ്രകാരംതന്നെ വിവാഹം കഴിക്കുന്നതിനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടത് അതിനുമുമ്പേയുള്ള വിലയിരുത്തലും തിരഞ്ഞെടുപ്പുമാണ്. ഇത് കെട്ടിടത്തിന്റെ അടിക്കല്ലാണ്. ഇത് ശരിയായാൽ മുഴുവൻ സന്താനപരമ്പരയും ശരിയായിരിക്കും. ഇതു വളഞ്ഞുപോയാൽ കെട്ടിടവും വളഞ്ഞിരിക്കും.

നബി(സ)തിരുമേനി പറഞ്ഞു: കുട്ടി ഗർഭസ്ഥശിശുവായിരിക്കുന്ന അവസ്ഥയിലും അതിന്റെ ശിക്ഷണവും മേൽനോട്ടവും ശ്രദ്ധിക്കേണ്ടതാണ്. അക്കാലത്ത് മാതാവിന്റെ ചായ്‌വുകളിൽ കുട്ടി ആകർഷിക്കപ്പെടുന്നുവെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിവരിക്കുന്നു: എന്റെ മകൻ അബ്ദുൽ ഹയ്യ് തന്റെ ഉമ്മയുടെ വയറ്റിലായിരുന്നപ്പോൾ ഞാൻ എന്റെ ഭാര്യയോടു ഈ സമയത്ത് നീ കൂടുതൽ എഴുതാനും വായിക്കാനും ശ്രദ്ധ ചെലുത്തണമെന്ന് പറഞ്ഞു. പിന്നീട് അബ്ദുൽ ഹയ്യ് ജനിച്ചപ്പോൾ അവന്റെ ചായ്‌വും വായിക്കുന്നതിലേക്കും എഴുതുന്നതിലേക്കും കൂടുതലായിരുന്നു. കുട്ടിക്കാലത്ത് ഒരിക്കൽ അവന്റെ മുമ്പിൽ പേനയും നാണയവും വെച്ചുകൊടുത്തു. അവൻ പേന തന്നെയാണ് എടുത്തത്. ഇതൊരു അന്തർസ്ഥമായുള്ള അനുകൂല സംഭവമായിരുന്നു. ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. തനിക്ക് കുട്ടിക്ക് ശിക്ഷണം നൽ

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**



tectona
feels more confidence
All Types Of Quality Furniture

താലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• കലാമുൽ ഇമാം •**

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ. 825)**

താലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

കാൻ എന്തെങ്കിലും ഉപദേശം തരണമെന്ന് പറഞ്ഞപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: താങ്കളുടെ കുട്ടിക്ക് എത്ര വയസ്സായി? ഒരു വയസ്സായെന്ന് അയാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: താങ്കൾ കുട്ടിയുടെ ശിക്ഷണകാര്യത്തിൽ താമസിച്ചുപോയി! അവിടത്തെ ഈ വാക്യത്തിൽനിന്ന് പുതിയതായി പിറക്കുന്ന കുട്ടിയുടെ തർബിയ്യത്ത് എത്രമാത്രം പ്രധാനപ്പെട്ടതും ആവശ്യമുള്ളതുമാണെന്ന് നല്ലവണ്ണം മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടാണ് കുട്ടിയുടെ ചെവിയിൽ ആദ്യം ബാങ്കുകൊടുക്കാൻ നബി(സ)തിരുമേനി പ്രേരിപ്പിച്ചത്. അതിനുശേഷം ശിക്ഷണപരമായ പോയിന്റുകൾ വിവരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: *ഇഫ്ത്തഹൂ അലാ സ്വബ്യാനിക്കും ഔവ്വലു കലിമത്തഹു ബി ലാഇലാഹ ഇല്ലല്ലാഹ്. ലാഇലാഹ ഇല്ലല്ലാഹ്* ആയിരിക്കണം കുട്ടികളെ ആദ്യം പഠിപ്പിക്കേണ്ടത്. അതായത് നബി(സ)തിരുമേനി പറയുന്നത്, ആദ്യത്തെ പാഠം കുട്ടികളുടെ ചെവിയിൽ പതിയേണ്ടത് അല്ലാഹുവിന്റെ മഹത്ത്വവും വലിപ്പത്തവുമായിരിക്കണം. കുട്ടി പഠിക്കേണ്ട ആദ്യത്തെ പാഠവും വായകൊണ്ട് പറയേണ്ടതും അല്ലാഹുവിന്റെ വലുപ്പത്തത്തിന്റേയും അവന്റെ ഏകത്വത്തിന്റേയും സ്നേഹത്തിന്റേയും പാഠമായിരിക്കണം. ആ മഹാത്മാവ് തന്റെ ദൗഹിത്രന്മാരെ ഒരുപാടു സ്നേഹിച്ചിരുന്നു. ഒരിക്കൽ നബി(സ) തിരുമേനിയോടു ആ ദൗഹിത്രന്മാർ ചോദിച്ചു: അങ്ങ് ഞങ്ങളേയും സ്നേഹിക്കുന്നു. അല്ലാഹുവിനേയും സ്നേഹിക്കുന്നു. ഒരേസമയത്ത് രണ്ടു സ്നേഹം എങ്ങനെയാണ് സാധിക്കുന്നത്? അവിടന്ന്(സ)പറഞ്ഞു: നിങ്ങളേയും അല്ലാഹുവിനേയും സ്നേഹിക്കുന്നതിന്റെ മത്സരമുണ്ടാകുമ്പോൾ അവിടെ അല്ലാഹുവിനോടുള്ള സ്നേഹം തന്നെയായിരിക്കും വിജയിക്കുക.

നബി(സ)തിരുമേനി പറഞ്ഞു: 7-ാം ദിവസം കുട്ടിയുടെ അഖീഖ നടത്തുക. കുട്ടിക്ക് പേരിടുക. കുട്ടിക്ക് ഏഴു വയസ്സായാൽ നമസ്കരിക്കാൻ പറയുക. കുട്ടിക്ക് പത്തുവയസ്സായാൽ നമസ്കരിക്കുന്നതിന് നിർബന്ധിക്കുക; ശിക്ഷിക്കേണ്ടിവന്നാൽ ശിക്ഷിക്കുക. കുട്ടിയുടെ കിടക്ക വേർപെടുത്തുക. അതിനുശേഷം 12, 13, 14 വയസ്സായാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)പറഞ്ഞു: പിന്നീട് ദുആയിലൂടെ കുട്ടിയുടെ ശിക്ഷണം നടത്തേണ്ടതാണ്. കാരണം അതിനുശേഷം ബലം പ്രയോഗിച്ചാൽ കുട്ടി രാജ്യദ്രോഹിയായി മാറുന്നതായിരിക്കും.

സന്താനങ്ങളുടെ ശിക്ഷണത്തെ സംബന്ധിച്ച് നബി(സ)തിരുമേനി മാർഗദർശനപരമായിട്ടുള്ള തത്ത്വമാണ് പറഞ്ഞത്. ഇക്‌രിമൂ ഔലാദക്കും വ അഹ്സനൂ അദബഹും. കുട്ടികളെ ആദരിക്കുക. അവരെ നല്ല സ്വഭാവവും മര്യാദകളും പഠിപ്പിക്കുക. കുട്ടികളെ ആദരിക്കുന്നതിൽ അവരോടുള്ള സംസാരരീതിയും സംബോധന ശൈലിയും മാർദവമുള്ളതും മധുരമുള്ളതുമായിരിക്കണം. നമ്മൾ വിശുദ്ധഖുർആനിൽ ഇടയ്ക്കിടെ പ്രവാചകന്മാർ തങ്ങളുടെ മക്കളെ യാ ബനീ എന്റെ മക്കളേ! എന്ന് വിളിക്കുന്നത് കാണുന്നു. സംസാരത്തിന്റെ ഈ രീതി വളരെ പ്രിയങ്കരവും വാത്സല്യം നിറഞ്ഞതുമാണ്. പക്ഷേ, കുട്ടികളോടു ദ്വേഷത്തോടും മയമില്ലാതെയും സംസാരിക്കുകയാണെങ്കിൽ ന്യൂട്ടന്റെ ഠീ ല്ല്യ്യ മരശേീ വേല്യല ശ ലൂൗമഹ മിറ ീ്യുീശെലേ ൃലമരശേീ എന്ന സിദ്ധാന്തമനുസരിച്ച് കുട്ടികളും ദ്വേഷത്തോടും മയമില്ലാതെയും മറുപടി പറയുന്നതായിരിക്കും. നാവിന്റെ മധുരം നാടിന്റെ വികസനം എന്നു പറയാറുണ്ട്. മാധുര്യമായ നാവുകൊണ്ട് രാജ്യങ്ങൾക്കുമേൽ ഭരണം നടത്താൻ കഴിയുമെങ്കിൽ തങ്ങളുടെ മക്കളിൽ ഈ കുറിപ്പടി എന്തുകൊണ്ട് നടപ്പിൽ വരുത്തിക്കൂടാ?

നബി(സ)തിരുമേനി കുട്ടികളെ എല്ലാവിധത്തിലും മര്യാദ പഠിപ്പിച്ചു. ഭക്ഷണം കഴിക്കുന്നതിനും വെള്ളം കുടിക്കുന്നതിനുമുള്ള മര്യാദ, വീട്ടിൽ പ്രവേശിക്കേണ്ട മര്യാദ, സഭകളിലെ മര്യാദ, മസ്ജിദിലെ മര്യാദ, വീടുകളിലെ മര്യാദ, ഇടവഴികളിലെ മര്യാദ. കുട്ടികൾക്ക് സലാം പറയുന്നതിൽ നബി(സ)തിരുമേനി എപ്പോഴും മുൻകടക്കുമായിരുന്നു. അതായത് ആദ്യം സലാം പറയും. നബി(സ) തിരുമേനിയുടെ ഉപദേശമാണ് സലാം പ്രചരിപ്പിക്കുക എന്നത്. കാരണം ഇത് പരസ്പരമുള്ള സ്നേഹത്തിന്റെ മാർഗമാണ്. നമ്മുടെ കുട്ടികൾ ഇതു നടപ്പിൽ വരുത്തുകയാണെങ്കിൽ അവരിൽ പരസ്പര സ്നേഹവും സൗഹാർദവും ഉണ്ടാകുന്നതായിരിക്കും. കുട്ടികൾ പരസ്പരം കലഹിക്കുന്നതാണ് പൊതുവെ കാണുന്നത്. ഇതിൽ ചിലപ്പോൾ കുട്ടികളുടെ വീട്ടുകാരും ഇൻവോൾവായിത്തീരുന്നു. സലാമിന്റെ സമ്പ്രദായം സ്വായത്തമാക്കുന്ന കാരണത്താൽ കലഹവും വഴക്കും കുറയുന്നതായിരിക്കും. ഇനി -അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ- ഉണ്ടായാൽതന്നെ ക്ഷണത്തിൽ ഐക്യപ്പെടുകയും ചെയ്യും.

ഹദ്റത്ത് ഉമർ ബിൻ സലമ(റ) വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയുടെ സംരക്ഷണത്തിലായിരുന്നു. എന്റെ കൈ ഭക്ഷണത്തളികയിൽ അവിടേയും ഇവിടേയും കറങ്ങിക്കൊണ്ടിരുന്നു. അവിടന്ന്(സ) എന്നോടു പറഞ്ഞു: യാ ഗുലാമു സമ്മില്ലാഹ വകുൽ ബിയമീനിക്ക വകുൽ മിമ്മായലീക്ക മകനേ, അല്ലാഹുവിന്റെ നാമത്തിൽ തിന്നുകയും വലംകൈകൊണ്ട് തിന്നുകയും നിന്റെ മുമ്പിൽനിന്ന് തിന്നുകയും ചെയ്യുക. ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ച് ഈ സംഭവം മുന്നിൽവെക്കേണ്ട ആവശ്യമുണ്ട്. കുട്ടികൾ അവരിഷ്ടപ്പെടുന്നതുപോലെ തിന്നോട്ടെ എന്ന് നമ്മൾ ചിലപ്പോൾ വിചാരിക്കും. പക്ഷേ, മുഹമ്മദ്(സ)ന്റെ മാതൃക സ്വായത്തമാക്കുക തന്നെയാണ് നമ്മുടെ മക്കളുടെ ശരിയായ ശിക്ഷണത്തിനും അവരുടെ വിജയത്തിനും ജാമ്യം നല്കുന്നത്.

നബി(സ)തിരുമേനിയുടെ മാർഗത്തിൽനിന്നും ശിക്ഷണരീതിയിൽനിന്നും നമുക്ക് മനസ്സിലാകുന്നത്, അവിടന്ന് കുട്ടികൾക്ക് പ്രത്യേകം ശിക്ഷണം കൊടുത്തിരുന്നുവെന്നു മാത്രമല്ല തന്റെ മജ്‌ലിസുകളിലും അവരെ പങ്കെടുപ്പിച്ചിരുന്നുവെന്നാണ്. ഹദ്റത്ത് അനസ് ബിൻ മാലിക്ക്, ഹദ്റത്ത് ഇബ്നു അബ്ബാസ്, ഹദ്റത്ത് ഇബ്നു ഉമർ(റ)എന്നിവരെപോലുള്ള ജലീലുൽ ഖദ്ർ സ്വഹാബത്ത് ആ മജ്‌ലിസുകളിലാണ് വളർന്നത്. അത്തരം ഒരു മജ്‌ലിസിലെ സംഭവമുണ്ട്. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറും (റ)ഉണ്ടായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: അശ്ശജറു ശജ്റത്തുൻ ലാ യസ്ഖുത്വു വറഖുഹാ വ ഇന്നഹാ മിഥ്‌ലുൽ മുസ്‌ലിമി ഫ ഹദ്ദഥൂനീ മാഹിയ. അതായത് ഒരു മരമുണ്ട്. അതെപ്പോഴും വസന്തമായിരിക്കുന്നു. അതിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിമിനോടു സാദൃശ്യവുമുള്ളതാണ്. ആ മരം ഏതാണ്? സ്വഹാബത്ത് കാട്ടിലെ മരങ്ങൾ എണ്ണാൻ തുടങ്ങി. ആ മജ്‌ലിസിലെ ഏറ്റവും കുറഞ്ഞപ്രായക്കാരനും പ്രായപൂർത്തിയാകാത്ത ആളുമായ അബ്ദുല്ലാഹ് ബിൻ ഉമർ(റ) പറയുന്നു: അത് ഈത്തപ്പനയാണെന്ന് എനിക്കു തോന്നി. പക്ഷേ, ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ തുടങ്ങിയവരെപോലുള്ള വ്യക്തിത്വങ്ങൾ മൗനം പാലിക്കുന്നതു കണ്ടപ്പോൾ ഞാനും നാണിച്ച് മിണ്ടാതിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: അത് ഈത്തപ്പനയാണ്. പിന്നീട് ഞാൻ എന്റെ മനസ്സിൽ തോന്നിയ കാര്യം എന്റെ പിതാവ് ഹദ്റത്ത് ഉമറിനോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:ല ഇൻ തകൂന ഖുൽത്തഹാ അഹബ്ബ ഇലാമിൻ അൻ അക്കൂനലീ ഹുമുറുന്നഅ്മി. ഇക്കാര്യം പറയുന്നയാൾ നീ ആയിരുന്നെങ്കിൽ അതെനിക്ക് ചെമന്ന ഒട്ടകങ്ങളെക്കാൾ കൂടുതൽ അന്തസാകുമായിരുന്നു.

ഈ സംഭവത്തിൽനിന്ന് നമുക്ക് കിട്ടുന്ന പാഠം, നമ്മൾ നമ്മുടെ മജ്‌ലിസുകളിൽ കുട്ടികളെ പങ്കെടുപ്പിക്കണം എന്നുള്ളതാണ്. അവരുടെ ഗ്രാഹ്യശക്തിയും ബുദ്ധിയും വർധിക്കുന്നതിന് അവർക്കുവേണ്ടി വൈജ്ഞാനികവും മര്യാദ പഠിപ്പിക്കുന്നതുമായ മജ്‌ലിസുകൾ സംഘടിപ്പിക്കേണ്ടതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഫ്സീറെ കബീറിൽ ഒരിടത്തു പറയുന്നു: മുഗൾ ഭരണത്തിന്റെ അധഃപതനത്തിനുള്ള കാര്യങ്ങളിലൊന്ന് അവർ രാജകുമാരന്മാരെ ഭരണകാര്യങ്ങളിൽ അശ്രദ്ധരാക്കിവെക്കാൻ തുടങ്ങിയെന്നതാണ്. അവർ സുഖലോലുപതയുടെ ജീവിതത്തിലായി. രാജ്യത്തിനുമേൽ എന്തെങ്കിലും വിപത്തുണ്ടായാൽ അത് കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടിരുന്നു. അതുകൊണ്ട് സന്താനങ്ങളിൽ വിശ്വാസമുണ്ടാക്കാൻ അവരെ തങ്ങളോടൊപ്പം ഇരുത്തേണ്ടതും സംസാരങ്ങളിലും കൂടിയാലോചനകളിലും പങ്കെടുപ്പിക്കേണ്ടതുമാണ്.

നബി(സ)തിരുമേനി പറഞ്ഞു: *അക്‌രിമിശ്ശഅ്റ* അതായത് നിങ്ങളുടെ മുടികളെ ആദരിക്കുക. ഇതുകൊണ്ടുള്ള ഉദ്ദേശ്യം മുതിർന്നവരെ ആദരിക്കുക എന്നതാണ്. നമുക്ക് നമ്മുടെ കുട്ടികളെ മുതിർന്നവരെ ആദരിക്കാനും അവരോടു മര്യാദ പാലിക്കാനും പഠിപ്പിക്കേണ്ടതാണ്. മുതിർന്നവരോടു മര്യാദയോടുള്ള പെരുമാറ്റത്തിലും അവരെ ആദരിക്കുന്നതിലുമാണ് വലുപ്പത്തിന്റേയും വിജയത്തിന്റേയും രഹസ്യം അടങ്ങിയിരിക്കുന്നത്.

മക്കളുടെ ശിക്ഷണത്തെ സംബന്ധിച്ച് അവിടന്ന് അത്യാവശ്യമായ കാര്യം പറഞ്ഞത്, കുട്ടികളെ കളവിൽനിന്ന് രക്ഷിക്കുക എന്നതാണ്. മാതാപിതാക്കൾതന്നെയും എല്ലാ പാപങ്ങളുടേയും വേരായ ഈ കളവിൽനിന്ന് പിന്മാറേണ്ടതാണ്. തങ്ങളുടെ മക്കളേയും ഇതിൽനിന്ന് എല്ലാവിധ

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
RAHMAN SHAKEER& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

ത്തിലും രക്ഷിക്കേണ്ടതാണ്. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ(റ) വിവരിക്കുന്നു: എന്റെ മാതാവ് എന്നോടു ഞാൻ നിനക്ക് ഒരു സാധനം തരാം, വരൂ എന്ന് ഒരിക്കൽ പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി വീട്ടിൽ ഇരിപ്പുണ്ടായിരുന്നു. അവിടന്ന് എന്റെ മാതാവിനോടു ചോദിച്ചു: അവൻ വരികയാണെങ്കിൽ എന്തുകൊടുക്കാനാണ് നീ ആഗ്രഹിച്ചത്?അവർ പറഞ്ഞു: ഞാൻ അവന് ഒരു ഈത്തപ്പഴം കൊടുക്കാൻ ആഗ്രഹിച്ചിരുന്നു.അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അവനെ വിളിച്ച് നീ ഒന്നും കൊടുത്തില്ലായിരുന്നെങ്കിൽ നിന്റെ കർമപുസ്തകത്തിൽ ഒരു കളവ് എഴുതപ്പെടുമായിരുന്നു. ഇപ്രകാരം കളവിനെ ചില ഘട്ടങ്ങളിൽ കളവാണെന്ന് മനസ്സിലാക്കുകയില്ല. കുട്ടികൾ പറഞ്ഞാൽ കേൾക്കുന്നില്ലെങ്കിൽ ഇപ്രകാരമുള്ള ചാറ്റിംഗ് കുട്ടികളോടു മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകാറുണ്ട്. ഈ മാർഗം അവരെ കളവിന് പ്രേരിപ്പിക്കുകയായിരിക്കും ചെയ്യുന്നത്. മാതാപിതാക്കളുടെ കർമപുസ്തകത്തിലും കളവ് ആഡ് ചെയ്യപ്പെടുന്നു.ഇതുപോലെതന്നെ കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ മാതൃകയായിരുന്നു അവരെ വിശ്വസ്തരും സത്യസന്ധരും ആക്കുക എന്നത്. ഒരിക്കൽ ഹദ്‌റത്ത് ഹസൻ(റ) സ്വദഖയുടെ ഈത്തപ്പഴങ്ങളിൽനിന്ന് ഒരെണ്ണം വായിലിട്ടു. അവിടന്ന് അത് വായിൽനിന്ന് വെളിയിലെടുപ്പിച്ചു. ഇത് വിശ്വസ്തതയുടെ തേട്ടമായിരുന്നു. പൊതുസ്വത്തുക്കളേയും സാധനങ്ങളേയും സംരക്ഷിക്കുന്നതിനും അവ കരസ്ഥമാക്കുന്നതിൽനിന്ന് രക്ഷപ്പെടാൻ കുട്ടികൾക്കുള്ള പ്രേരണയുമായിരുന്നു. ഇന്ന് ഈ മാതൃകയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, മൂന്നാം നിര ലോകത്തിന് പ്രത്യേകിച്ചും സാമ്പത്തിക അഴിമതികളിൽ മുങ്ങിത്താഴുന്നതിൽനിന്ന് രക്ഷപ്പെടാവുന്നതാണ്.

കുട്ടികളുടെ ശിക്ഷണത്തിന് ഒരു കുറിപ്പടി അവിടന്ന് പറഞ്ഞത്, കുട്ടികൾക്കുവേണ്ടി ദുആ ചെയ്യുക എന്നതാണ്. ദുആയുടെ പ്രാധാന്യവും അനുഗ്രഹങ്ങളും ഒരു പ്രത്യേക വിഷയമാണ്. ഇത്രമാത്രമേ പറയുന്നുള്ളു; ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: മരിച്ചവർ ജീവിക്കുകയാണെങ്കിൽ, ദുആ മുഖേന. ദുആ മുഖേന ഉണങ്ങിയ ശാഖ പച്ചളിപ്പുള്ളതായിത്തീരുന്നു. അതുകൊണ്ട് കുട്ടികളെ പച്ചളിപ്പുള്ളതാക്കാൻ അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു: പിതാവ് കുട്ടികൾക്കുവേണ്ടി ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടുന്നു. അവിടന്ന് പറയാറുണ്ടായിരുന്നു: ഞാൻ എന്റെ പിതാവ് ഇബ്‌റാഹീമിന്റെ ദുആ ആകുന്നു. അവിടന്ന് തന്റെ ദൗഹിത്രന്മാരായ ഹസനേയും ഹുസയ്‌നേയും മടിയിലിരുത്തി മുത്തംവെക്കുമായിരുന്നു. അവർക്കുവേണ്ടി അല്ലാഹുവിനോടു ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ! ഞാനിവരെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിച്ചാലും. ആരെയാണോ അല്ലാഹു സ്നേഹിക്കുന്നത്, ആരാണോ അവന്റെ സ്നേഹിതനും പ്രിയപ്പെട്ടവനുമാകുന്നത് അവന് എന്തിന്റെ കാര്യത്തിലാണ് ദുഃഖം. എന്തു ചിന്ത ഉണ്ടാകാനാണ്?

മാതാപിതാക്കളുടെ നന്മകളുടെ സ്വാധീനശക്തികൾ കുട്ടികളിൽ അനുക്രമമായുണ്ടാകുന്നു. അതേ സ്വാധീനശക്തികളുടെ ഫലങ്ങളുടെ രുചി കുട്ടികൾ ആസ്വദിക്കുന്നു. ഈ പരമ്പര തലമുറ തലമുറയായി നടന്നുപോകുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹു മുത്തഖിയെ ഏഴുതലമുറവരെ പരിഗണിക്കുന്നു. വിശുദ്ധഖുർആനിലും വന്നിട്ടുണ്ട്. വീഴാൻ പോകുന്ന ഒരു ഭിത്തി ഹദ്‌റത്ത് ഖിള്ർ (അ)രക്ഷിച്ചത് വ കാന അബൂഹുമാ സ്വാലിഹൻ ആയിരുന്നതുകൊണ്ടാണ്. അവരുടെ പിതാവ് സ്വാലിഹായിരുന്നു. അദ്ദേഹത്തിന്റെ സാത്വികത കാരണത്താൽ രണ്ട് യതീംകുട്ടിയ്ക്കുള്ള ഖജനാവ് ആ ഭിത്തിക്കു കീഴെ അല്ലാഹു വെച്ചു; അവർ വലുതാകുമ്പോൾ അവർക്കത് ചെലവഴിക്കാൻ!

സന്താനങ്ങളുടെ ശിക്ഷണത്തിന് മാർഗദർശനപരമായിട്ടുള്ള ഒരു തത്ത്വം നബി(സ)തിരുമേനി പറഞ്ഞത്, ദൈവത്തിന്റെ മുമ്പിൽ ചോദ്യം ചെയ്യപ്പെടും എന്നതാണ്. കുല്ലുക്കും റാഇൻ വകുല്ലുക്കും മസ്ഊലിൻ അൻ റഅ്‌യത്തിഹീ. നിങ്ങളിൽ ഓരോരുത്തരും മേൽനോട്ടക്കാരനാണ്. ഓരോരുത്തരും അവരുടെ മേൽനോട്ടത്തെക്കുറിച്ച് ചോദ്യം ചെയ്യപ്പെടും. ഒരാൾ തന്റെ മാത്രം ഉത്തരവാദിയല്ല മറിച്ച് തന്റെ കുടുംബത്തിന്റേയും ഉത്തരവാദിയാണ്. അവരെയും ഈ നരകത്തിന്റെ അഗ്നിയിൽനിന്ന് രക്ഷിക്കേണ്ടതണ്. കവി അക്ബർ അലഹാ ബാദി വ്യംഗ്യമായ പരിഹാസച്ചുവയും തമാശരീതിയും സ്വീകരിച്ചുകൊണ്ട് ഒരു യാഥാർഥ്യത്തിൽനിന്ന് മറനീക്കി, കവിതാശകലത്തിൽ പറഞ്ഞു:

*ബേ പർദ കൽ ജോ നള്ർ ആയീ ചന്ദ് ബീബിയാൻ*

*അക്ബർ സമീൻ മെ ഗയ്‌റത്തെ ഖൗമീ സെ ഗഡ്‌ഗയാ*

*പൂച്ഛാ ജോ ഉൻസെ ആപ്കാ പർദ വൊ കിയാ ഹുവാ*

*കഹ്‌നെ ലഗെ കെ അഖൽ പേ മർദോം കി ജാ പഡാ*

കുറച്ചു ബീബിമാർ പർദയില്ലാതെ നടക്കുന്നത് കണ്ടു. ജനതയുടെ ലജ്ജായില്ലായ്മ കണ്ട് അക്ബർ നിലത്ത് തരിച്ചു നിന്നുപോയി. നിങ്ങളുടെ പർദക്കെന്തുപറ്റിയെന്ന് അവരോടു ചോദിച്ചപ്പോൾ അവർ പറഞ്ഞു, പുരുഷന്മാരുടെ ബുദ്ധിയിൽ അതുചെന്ന് വീണുപോയി.

ഇത് പുരുഷന്മാർ മേൽനോട്ടത്തിന്റേയും രക്ഷാധികാരത്തിന്റേയും(4:35) ഉത്തരവാദിത്വത്തിൽ ശ്രദ്ധപതിപ്പിക്കാത്തതിന്റെ ഫലമാണ്; കുടുംബക്കാർ ശിക്ഷണമില്ലാത്തവരായിത്തീരുന്നു. അല്ലാഹു നമുക്ക് ഇതുസംബന്ധമായി നമ്മുടെ ഉത്തരവാദിത്വം മനസ്സിലാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

നബി(സ)തിരുമേനിയുടെ കുട്ടികളോടുള്ള സൽപെരുമാറ്റത്തെക്കുറിച്ച് നിരവധി സംഭവങ്ങളുണ്ട്. ഓരോ സംഭവവും അതിരില്ലാത്ത യുക്തിജ്ഞാനവും തത്ത്വജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ആ സംഭവങ്ങൾ നമ്മൾ വായിക്കുക എന്നതാണ് ആവശ്യം. അതിൽ ചിന്തിക്കുക. അവ നമ്മുടെ കുട്ടികളുടെ തർബിയ്യത്തിനുവേണ്ടി ഉപയോഗിക്കുക. ഉമയ്ർ എന്നു പേരുള്ള ഒരു കുട്ടി ഒരു പക്ഷിയെ വളർത്തിയിരുന്നു. ആ പക്ഷി ചത്തുപോയി. അപ്പോൾ നബി(സ)തിരുമേനി ആ കുട്ടിയുടെ വിഷമം അകറ്റിക്കൊണ്ട് ഔപചാരികതയൊന്നും കൂടാതെ ചോദിച്ചു: *യാ അബാ ഉമയ്ർ മാഫഅലുന്നുഗയ്ർ* അബൂ ഉമയ്റേ! പക്ഷിക്കെന്തു പറ്റി.നോക്കുക! ഇരുലോകത്തിന്റേയും നേതാവ് എവിടെ നില്ക്കുന്നു; ആ കുട്ടിയോടുള്ള ഔപചാരികത ഒന്നുമില്ലാത്ത പെരുമാറ്റം എവിടെനില്ക്കുന്നു. ഈ സംഭവത്തിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് നബി(സ)തിരുമേനി കുട്ടികളുടെ ചായ്‌വുകളും അവരുടെ ഹോബികളും ശ്രദ്ധിക്കാറുണ്ടായിരുന്നുവെന്നാണ്. നബി(സ)തിരുമേനി കുട്ടികളുടെ വിനോദങ്ങളും സംഘടിപ്പിക്കുമായിരുന്നു. കുട്ടികളുടെ ശിക്ഷണത്തിന് നബിയുടെ ഈ മാതൃക ഇക്കാലത്ത് സ്വായത്തമാക്കേണ്ടത് വളരെ ആവശ്യമാണ്. കാരണം ഇന്റർനെറ്റും സ്മാർട്ട് ഫോണും കുട്ടികളെ വിനോദങ്ങളുടെ മൈതാനത്തുനിന്ന് അകറ്റിക്കളഞ്ഞിരിക്കുന്നു. അവർ എല്ലാ കളികളും ഇപ്പോൾ സ്മാർട്ട് ഫോണിലും ടേബിൾസിലുമാണ് കളിക്കുന്നത്. ഇക്കാരണത്താൽ അവരുടെ ആരോഗ്യവും മോശമാകുന്നു. അവരുടെ സ്വഭാവം പരുക്കനായിത്തീരുന്നു. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ സ്ഥാപകർ പറഞ്ഞു: കുട്ടികൾ 24 മണിക്കൂറും കളിക്കുകയാണെങ്കിൽ അതിൽ എനിക്ക് ഒരു ആശങ്കയുമില്ല. കാരണം കളിക്കുന്നതുകൊണ്ട് ആരോഗ്യമുണ്ടാകുന്നു. ഒന്ന് നമുക്ക് കുട്ടികളെ ഇന്റർനെറ്റിൽനിന്ന് പുറത്തുകൊണ്ടുവന്ന് കളിയുടെ മൈതാനത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ഇന്റർനെറ്റിൽ വ്യർഥമായ പരിപാടികൾക്കു പകരം എം.ടി.എയിലേക്ക് അവരുടെ ശ്രദ്ധ കൊണ്ടുവരണം. ഹുദൂർ പറഞ്ഞു: നിത്യവും കുറഞ്ഞത് ഒരു മണിക്കൂർ വീട്ടിൽ എം.ടി.എ കാണേണ്ടതാണ്. ഹുദൂർ ഇങ്ങനേയും പറഞ്ഞു: ടി.വിയുടെ ശബ്ദം കൂട്ടിവെക്കുക. ശബ്ദം കുട്ടികളുടെ ചെവികളിൽ പതിയുന്നതിന്.

അവിടന്ന് പറയുന്നു: ഖജനാവുള്ളിടത്താണ് കള്ളനും ഉണ്ടാകുക. ഖാദിയാൻ ദാറുൽ അമാൻ ഒരു ആത്മീയ ഖജനാവാണ്. പക്ഷേ, കള്ളനായ ശയ്ത്വാൻ അവിടെയായിരിക്കും കൂടുതൽ ആക്ടീവ്. ഇവിടുത്തെ കുട്ടികൾ സ്വിറാത്തെ മുസ്തഖീമിൽ നടക്കാൻ അവനാഗ്രഹിക്കുകയില്ല. നമ്മളും നമ്മുടെ കുട്ടികളും അല്ലാഹുവിനോടു സഹായം തേടിക്കൊണ്ടും മുഹമ്മദ്(സ)തിരുമേനിയുടെ മാതൃക സ്വായത്തമാക്കിക്കൊണ്ടും ശയ്ത്വാനെ ഉന്മൂലനം ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**ദുആ ഔഷധമാകുന്നു**

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*

(മൽഫൂദാത്ത് വാല്യം. 1 പേ. 4 )





# ജർമൻപര്യടനം

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ്

വിവർത്തനം: മൗലവി അമീൻ മുഹമ്മദു മാത്ര

**(ബദ്ർ വാള്യം 9, ലക്കം 23 പേജ് 12, കോളം 3-ൽനിന്ന് തുടർച്ച......)**

*2014 ജൂൺ 09 തിങ്കളാഴ്ച*

**മസ്ജിദുൽ മഹ്ദിയുടെ ഉദ്ഘാടന പരിപാടി**

ഹുദൂറിന്റെ പ്രഭാഷണത്തിനും ദുആക്കുംശേഷം അതിഥികൾ ഭക്ഷണം കഴിച്ചു. അതുകഴിഞ്ഞ് ഹുദൂർ സ്റ്റേജിൽനിന്ന് താഴെ വന്നു. നിരവധി അതിഥികൾ ക്രമാനുഗതം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹുദൂർ അവർക്കെല്ലാം കൈകൊടുത്തു. ഹുദൂർ അനുകമ്പയോടെ അതിഥികളുമായി സംസാരിച്ചു. പല അതിഥികളുടേയും ആഗ്രഹമനുസരിച്ച് ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു.

സംസ്ഥാന നീതിപീഠത്തിന്റെ റിട്ടയേർഡ് ജഡ്ജ് ആന്റൺ സ്പെൻസൽ സാഹിബ് ഖലീഫത്തുൽ മസീഹുമൊത്ത് ഫോട്ടോ എടുക്കണമെന്ന ആഗ്രഹം ഭാരവാഹികളോടു പ്രകടിപ്പിച്ചു. ഭാരവാഹികൾ അദ്ദേഹത്തെ ഹുദൂറിന്റെയടുക്കലെത്തിക്കുകയും ഹുദൂർ അദ്ദേഹത്തിന് കൈകൊടുക്കുകയും ഫോട്ടോ എടുക്കുകയും ചെയ്തു. നിസ്സീമമായ സന്തോഷം അദ്ദേഹം പ്രകടിപ്പിച്ചു.

ജർമനി നാഷണൽ പാർലമെന്റംഗം മിസ് റിതാ ഹാഗ്ൽ കെഹ്ലും സംസ്ഥാന അസംബ്ലി പാർ ലമെന്റംഗം റൂത്ത് മുള്ളറും ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്ന അവസരത്തിൽ വളരെ സ്വാധീനമുളവാക്കുന്ന പ്രസംഗം ശ്രവിച്ചതിനുശേഷം തീർച്ചയായും നേരിട്ട് കണ്ട് നന്ദി പറയൽ അനിവാര്യമാണെന്ന് തോന്നി എന്നും പറഞ്ഞു. ലോകത്ത് സമാധാന സ്ഥാപനം നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന ശ്രമങ്ങളെ പരാമർശിച്ചുകൊണ്ടും ഇന്ന് നല്കപ്പെട്ട ഹുദൂറിന്റെ പ്രഭാഷണത്തെ എടുത്തുപറഞ്ഞു കൊണ്ടും അവർ മംഗളാശംസകൾ നേർന്നു.

അപ്പോൾ ഹുദൂർ പറഞ്ഞു:എന്റെ വാക്കുകൾ നിങ്ങൾക്ക് നല്ലതായി തോന്നിയെങ്കിൽ ഇക്കാര്യത്തിൽ നിങ്ങളും ഞങ്ങളുടെ കൂടെ നിലകൊള്ളുക. ന്യൂഫാഹൻ നഗരത്തിന്റെ മേയർ ഹുദൂറിന്റെ സന്നിധിയിൽഗോൾഡൻബുക് സമർപ്പിച്ചു. ഹുദൂർ അതിൽ മേയർ സാഹിബിന്റെ അഭ്യർഥന മാനിച്ച് ചുവടെ ചേർക്കുന്ന വാക്കുകൾ രേഖപ്പെടുത്തി:

ഞാൻ വളരെയധികം ആകർഷണീയനായിരിക്കുന്നു. ഈ നഗരത്തിലെ ജനങ്ങളുടെ പ്രത്യേകിച്ചും മേയറുടെ അനുകമ്പാ പൂർണമായ പെരുമാറ്റത്തേയും പ്രതികരണത്തേയും ഞാൻ മൂല്യവത്തായി കാണുന്നു. മിർസാ മസ്റൂർ അഹ്മദ്.

ശേഷം ഹുദൂർ ഹാളിനു പുറത്തുള്ള പുൽത്തകിടിയിൽ വന്നു. അവിടെ ഹുദൂറിനെ ആദരിച്ചു കൊണ്ട് ന്യൂഫാഹൻ റൈഫിൾ ക്ലബ് ഒരു ഫയറിംഗ് പ്രോഗ്രാം അവതരിപ്പിച്ചു. ഇതു പരമ്പരാഗതമായി അവർ നടത്തി വരുന്ന പ്രോഗ്രാമാണ്. സമൂഹത്തിലെ ഉന്നതരായ വ്യക്തികളുടെ വരവിനെ ആദരിച്ചുകൊണ്ടാണ് ഇത് അവതരിപ്പിക്കുന്നത്. അവരുടെപൂർണമായ ആദരവാണ് അവർ നല്കുന്നത്. ചില പ്രത്യേക രീതിയിലുള്ള തോക്കാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്. ഇതിൽ വെടിയുണ്ട ഉപയോഗിക്കാറില്ല. വെടിമരുന്ന് നിറയ്ക്കുകയാണ് ചെയ്യുന്നത്. തുടർന്ന് ഒരു തടിക്കഷണം കൊണ്ടുണ്ടാക്കിയ വടിയുടേയും കോടാലിയുടേയും സഹായത്തോടെ അതിൽ അമർത്തുന്നു. തുടർന്ന് ഫയർ ചെയ്യപ്പെടുന്നു. ഇത് ആറേഴ് വ്യക്തികളടങ്ങുന്ന ഒരു സംഘമാണ്. ചിലപ്പോൾ ഒരുമിച്ചും ചിലപ്പോൾ ക്രമത്തിലും സ്വന്തം തോക്കുകളുയർത്തി വെക്കുന്നു. ഈ പ്രകടനത്തിനുശേഷം ഈ സംഘം ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. ഹുദൂർ അവർക്ക് ഹസ്തദാനം ചെയ്തു. ഈ പരമ്പരാഗത പരിപാടിയെകുറിച്ചും സവിശേഷമായ ഈ തോക്കിനെ കുറിച്ചും ചോദിച്ചറിയുകയും ചെയ്തു.

തുടർന്ന് ഹുദൂർ ഇവിടെനിന്ന് പുറപ്പെട്ട് 08.15 ന് മസ്ജിദുമഹ്ദിയിലെത്തി ഓഫീസിൽ വന്നു. പ്രസ് ആന്റ് മീഡിയായുടെ ഓഫീസ് ഇൻചാർജ് ആബിദ് വഹീദ് ഖാൻ സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. വിവിധ കാര്യങ്ങളിൽ മാർഗദർശനം നേടി. അതുകഴിഞ്ഞ് പ്രൈവറ്റ് സെക്രട്ടറി സാഹിബ് ചില കാര്യങ്ങളെ കുറിച്ചും പ്രശ്നങ്ങളെ കുറിച്ചും മാർഗദർശനം തേടി.

09.30-ന് ഹുദൂർ മസ്ജിദുൽമഹ്ദിയിൽ മഗ്രിബ് -ഇശാ നമസ്കാരങ്ങൾക്ക് നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്ത് മടങ്ങിയെത്തി. മസ്ജിദുൽമഹ്ദിയുടെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്ത അതിഥികൾക്ക് ഹുദൂറിന്റെ ആത്മീയ പ്രഭാവത്തിലും പ്രഭാഷണത്തിലും ആകൃഷ്ടരാകാതിരിക്കാൻ കഴിഞ്ഞില്ല. ധാരാളം പേർ അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. അവയിൽ ചിലത് താഴെ ചേർക്കുന്നു:

ഒരു പത്ര പ്രവർത്തകൻ: ഖലീഫത്തുൽ മസീഹ് നല്കിയ സമാധാനസന്ദേശം അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽനിന്ന് പ്രകടമായിരുന്നു. ഹാളിലാകമാനം അതിന്റെ സ്വാധീനം പ്രതിഫലിച്ചിരുന്നു. ഹാൾ മുഴുവൻ നിശബ്ദമായിരുന്നു.

ഒരു വനിതാ പത്രപ്രവർത്തക:നിങ്ങളുടെ ഖലീഫയുടെ മുഖകമലം പ്രകാശമയമായി കാണപ്പെടുന്നു. അത് നിശബ്ദമായിരുന്നെങ്കിലും ദിവസം മുഴുവനും അദ്ദേഹത്തെ കണ്ടുകൊണ്ടിരിക്കാൻ ഹൃദയം ആഗ്രഹിച്ചുകൊണ്ടിരുന്നു. എല്ലാവരും അദ്ദേഹത്തിന്റെ മുഖത്ത് കണ്ണുംനട്ടിരിക്കുകയായിരുന്നു.

ഒരു വനിത അതിഥി: ഡോക്ടർ സാഹിബിന്റെ രക്തസാക്ഷിത്വത്തെ കുറിച്ച് ഖലീഫത്തുൽമസീഹ് പ്രഭാഷണത്തിൽ സൂചിപ്പിച്ചപ്പോൾ എനിക്കെന്നെ നിയന്ത്രിക്കാൻ സാധിച്ചില്ല. ഞാൻ കരഞ്ഞു കൊണ്ടിരുന്നു. ഈ രക്തസാക്ഷിത്വം സംഭവിച്ചിട്ടും സ്വന്തം സേവനത്തിൽ ഒരു കുറവും വരുത്തിയിട്ടില്ലെന്നും സേവനം തുടർന്നുകൊണ്ടിരിക്കുമെന്നും പിന്നീട് ഹുദൂർ സൂചിപ്പിച്ചപ്പോൾ എന്റെ വികാരത്തെ നിയന്ത്രിക്കാൻ എനിക്കൊട്ടും പറ്റാതായി.

ഒരതിഥി പറയുന്നു:എനിക്ക് ഹുദൂറുമായി വളരെ നല്ല സംഭാഷണത്തിന് അവസരം ലഭിച്ചു. ഹുദൂർ അൻവറിന്റെ വ്യക്തിത്വത്തിൽനിന്ന് ആത്മീയത നിർഗമിക്കുന്നുണ്ടായിരുന്നു. ഞാൻ ഹുദൂറിനും അദ്ദേഹത്തിന്റെ ജമാഅത്തിനും സ്വാഗതമാശംസിച്ചു. ന്യൂഫാഹൻ ജമാഅത്ത് മറ്റുള്ളവരുമായി സംസാരിക്കാൻ വിശാലമനസ്കത കാണിക്കുന്ന വരാണെന്ന് ഞാൻ കാണുന്നു. ഈ ജമാഅത്ത് ഇവിടെയുള്ളവരുമായി ഇടപഴകി ജീവിതം നയിക്കുന്നവരാണെന്നതിന്റെ അടയാളമാണ് മസ്ജിദിന്റെ മിനാരം. ഹുദൂർ അൻവർ ഒരു ആത്മീയ വ്യക്തിത്വമാണ്. മതത്തിനെ കുറിച്ചുള്ള അറിവും അനുഭവവും അദ്ദേഹത്തിനുണ്ട്. ജമാഅത്തംഗങ്ങൾ ഹുദൂറിന്റെ വരവിൽ സന്തോഷിക്കുന്നതിൽ നിന്ന് മനസ്സിലാകുന്നത് അദ്ദേഹം വളരെ ആദരണീയനായ വ്യക്തിയും ലോകത്ത് വളരെ വലിയ ഒരു ഉത്തരവാദിത്വം നിർവഹിക്കുന്ന പ്രതിഭയുമാണെന്നാണ്.

ഒരതിഥി: എന്റെ മനസ്സിൽ സ്ഥാനം കരസ്ഥമാക്കിയ ഒരു ജമാഅത്തിന്റെ അധിപനാണ് ഹുദൂർ അൻവർ. മത സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യു.എന്നിന്റെ ഭാഗത്തു നിന്നുവന്ന സവിശേഷ റിപ്പോർട്ടർ എന്ന നിലയിൽ ഏതെങ്കിലും മതപരമായ വിഭാഗത്തിന്റെ അവകാശം ഹനിക്കപ്പെടുകയാണെങ്കിൽ അതു നോക്കേണ്ടുന്ന ദൗത്യമാണ് എന്റേത്. ഇതു വിഷയകമായി യു.എൻ.ഓ യ്ക്ക് വിവരക്കൈമാറ്റം നടത്തലും എന്റെ ദൗത്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ എതിർപ്പുണ്ടാകുന്നു. വിശിഷ്യ പാക്കിസ്താനിൽ. അവിടെ അഹ്മദികൾ വധിക്കപ്പെടുന്നു. അവർക്കെതിരിൽ ആളുകളെ പ്രകോപിതരാക്കി ഇളക്കിവിടുന്നു. ഇപ്പോഴത്തെ ഞങ്ങളുടെ മീറ്റിംഗുകൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് സ്മരിക്കാതെ പൂർത്തിയാകുന്നില്ല. മൂന്നുവർഷം മുമ്പേ എനിക്ക് ഹുദൂറുമായി ഫ്രാങ്ക്ഫർട്ടിൽവെച്ച് അരമണിക്കൂർ സംസാരിക്കാൻ അവസരം ലഭിച്ചു. ഈ രാജ്യത്ത് അഹ്മദിയ്യാ ജമാഅത്ത് പുതിയതല്ല. ഇപ്പോൾ ജമാഅത്തിന്റെ രണ്ടാമത്തേയും മൂന്നാമത്തേയും തലമുറകളാണുള്ളത്. ജർമനിയിൽ പദ്ധതികൾ തയ്യാറായി വരുന്നു. ഹേസണിലെ സ്കൂളുകളിൽ ഇസ്ലാമികാധ്യാപനങ്ങൾ പഠിപ്പിച്ചു വരുന്നതുപോലുള്ള പദ്ധതികൾ! ചർച്ചിനു സമമായി ജമാഅത്തിനും പദവി ലഭിച്ചതോടെ കൂടുതൽ സൗകര്യം ഉണ്ടായിരിക്കുന്നു. ജർമൻ സ്കൂളുകളിൽ ഇസ്ലാമികധ്യാപനം നല്കപ്പെടുക എന്നത് നീതിയുടെ തേട്ടമാണ്. ലോകത്ത് ഒരു രാജ്യത്തും ഈ സൗകര്യമില്ല.

ഒരതിഥി പറയുന്നു:ഹുദൂർ അൻവറിന്റെ പ്രഭാഷണം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. സമാധാനത്തേയും സ്നേഹത്തേയും കുറിച്ചുള്ള സന്ദേശം ഹുദൂർ വിശദമാക്കി. ഈ പരിപാടിയുടെ ഭാഗമാകാൻ സാധിച്ചതിൽ ഞാൻ വളരെ കൃതാർഥനാണ്. അഹ്മദിയ്യാ ജമാഅത്ത് നമ്മുടെ പ്രദേശത്തിന്റേയും ന്യൂഫാഹൻ നഗരത്തിന്റേയും ഭാഗമാണ്. വാക്കുകൾ കാര്യം തന്നെയാണ്. എന്നാൽ, സ്വന്തം പ്രവർത്തനത്തിലൂടെ അത് കാണിക്കേണ്ടത് അനിവാര്യമാണ്. ഈ നഗരത്തിൽ ഈ മസ്ജിദ് ഒരു നല്ല കൂടിച്ചേരലാണെന്നാണ് എന്റെ പക്ഷം.

ഒരതിഥി പറയുന്നു:എന്റെ ഹൃദയം സന്തോഷത്തിന്റെ നിറവിലാണ്. വളരെയധികം സഹവർത്തിത്വവും സാഹോദര്യബോധവും പുലർത്തുന്ന ഒരു ജമാഅത്തുമായി എനിക്ക് പരിചയമുണ്ടായി വന്നിരിക്കുന്നു. ഇക്കാര്യം എന്നെ വളരെ ആകർഷിച്ചു. ഈ പട്ടണത്തിലെ ജമാഅത്തിന്റെ അംഗസംഖ്യ കേവലം 188 മാത്രമാണെന്നത് എന്നെ അത്ഭുതപ്പെടുത്തി. എന്നാൽ, മികച്ച സംവിധാനത്തോടുകൂടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ആയിരം അംഗങ്ങളുള്ള മ്യൂണിച്ചിലെ എഫ്.ഡി.പിയുടെ തലവനായതുകൊണ്ട് എനിക്കിത് ഗണിച്ചെടുക്കാൻ സാധിക്കും. ആയിരം പേർക്ക് ഈ പരിപാടി നിഷ്പ്രയാസം സംഘടിപ്പിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ മികച്ച സംവിധാനം കാരണത്താൽ ഞാൻ മംഗളാശംസകൾ നേരുന്നു.

ഒരു അതിഥി:ഏതെങ്കിലും പുതിയ ആരാധനാലയം നിർമിക്കപ്പെടുമ്പോൾ അതു വളരെ നല്ലൊരു അവസരമായിരിക്കും. ഒരു അന്തർദേശീയ ജമാഅത്തിന്റെ തലവൻ നമ്മുടെ പ്രദേശം സന്ദർശിക്കുന്നു എന്നത് വളരെയധികം സ്വാധീനമുളവാക്കുന്ന കാര്യമാണ്. ഹുദൂർ അൻവറിന്റെ വ്യക്തിത്വം വളരെയധികം ആകർഷണീയമാണ്. സമാധാനസന്ദേശം ജനങ്ങളിലേക്കെത്തിക്കുവാൻ ഹുദൂർ ശ്രമിക്കുന്നു. ഈ മസ്ജിദിന്റെ ഉദ്ഘാടന വേളയിൽ ഹുദൂറിന്റെ വരവുണ്ടായി എന്നത് ഈ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 13 June 2024 Issue-24

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ജമാഅത്തിന്റെ സൗഭാഗ്യമാണ്.

ഒരതിഥി പറയുന്നു:ഞാൻ വളരെ പ്രഭാവിതനായി. പ്രഭാഷണം വളരെ ആത്മീയ ജ്ഞാന നിർഭരവും മഹനീയവുമായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് വളരെ വ്യവസ്ഥാപിതമാണ്. ആളുകൾ ഇവിടെ വന്ന് വളരെ സുരക്ഷിതത്വം അനുഭവിക്കുന്നു.

ഒരു വനിത അതിഥി പറയുന്നു:ഞാൻ വളരെ പ്രഭാവിതയാണ്. വിശിഷ്യാ സമാധാനത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട പരിഹാരത്തിൽ! അതായത് ലോകത്തുള്ള സകലമാന മനുഷ്യരും മതവിഭാഗങ്ങൾക്കതീതമായി ചിന്തിച്ചുകൊണ്ട് പരസ്പരം സ്നേഹം പുലർത്തുക. പരസ്പരം ശത്രുത പുലർത്താനല്ല. ഇതു വളരെ പ്രഭാവം സൃഷ്ടിക്കുന്ന ഒരു സന്ദേശമാണ്. ഈ പരിപാടി വലിയ വിജയമായിരുന്നു. ഈ പ്രോഗ്രാമിനുവേണ്ടി ഇവിടുത്തെ ജമാഅത്തിലുള്ളവർ മാത്രമല്ല ക്ഷണിക്കപ്പെട്ടത് എന്നത് എനിക്ക് നല്ലതായി തോന്നി. രാഷ്ട്രീയക്കാർ മാത്രമല്ല, അയൽവാസികളും ക്ഷണിക്കപ്പെട്ടു. എല്ലാ വിഭാഗവും ക്ഷണിക്കപ്പെട്ടു എന്ന് വിവക്ഷിതം. ഇവിടെ ഒരു ജമാഅത്ത് സുസ്ഥാപിതമായി എന്ന് കണക്ക് കൂട്ടാവുന്നതാണ് ഇന്നത്തെ ഹാജർ നില!

ഒരതിഥി പറയുന്നു:ഇത്രയധികം ഹൃദയവിശാലത ഇവിടെ കാണപ്പെടുന്നു എന്നത് വളരെ നല്ലതാണ്. നമ്മൾ ഒരു ജമാഅത്തായി എന്ന് വിവക്ഷിതം. നമ്മൾ പരസ്പരം ശാന്തിയോടെ താമസിക്കണമെന്ന ഹുദൂറിന്റെ സന്ദേശം എനിക്ക് വളരെ നല്ലതായി തോന്നി. ലോകത്തുള്ള ഓരോ മനുഷ്യരും ഇവ്വിധം ചിന്തിക്കുന്നവരായാൽ എവിടേയും സമാധാനം സുസ്ഥാപിതമാകും. ഇവിടുത്തെ രാഷ്ട്രീയ പ്രവർത്തകർ നിങ്ങളുടെ ജമാഅത്തിനെ കുറിച്ച് വളരെ സന്തോഷവാന്മാരാണെന്നത് എനിക്ക് നല്ലതായി തോന്നി. നിങ്ങളുടെ ജമാഅത്ത് ലോകത്തിന് ശാന്തിയും സഹായവും നല്കാനാഗ്രഹിക്കുന്നു എന്ന് ജനങ്ങൾ സമ്മതിക്കുന്നു. ഇത് ശരിയായ വഴിയാണെന്നതാണ് എന്റെ വിചാരം.

ഒരു രാഷ്ട്രീയ പ്രവർത്തകൻ പറയുന്നു:ഞാൻ വളരെയധികം പ്രഭാവിതനാണ്. വിശിഷ്യാ നിങ്ങളുടെ മുദ്രാവാക്യത്തിൽ! ഇതിൽ ധാരാളം കാര്യങ്ങൾ ഗുപ്തമാണ്. ഇതിൽനിന്ന് വളരെയധികം കാര്യങ്ങൾ നമുക്ക് പഠിക്കാൻ സാധിക്കുന്നു. ഭാവിയിലും ഇതനുസരിച്ചുള്ള പ്രവർത്തനം ഉണ്ടാകുമെന്ന് ഞാൻ ശുഭ പ്രതീക്ഷ പുലർത്തുന്നു. ഞാൻ മസ്ജിദ് കണ്ടു. അയൽവാസികളോടും ഇത് വിഷയകമയി സംസാരിച്ചു. അവർക്ക് മസ്ജിദ് സ്വീകാര്യമായിരിക്കുന്നു. പരസ്പരം നല്ല ബന്ധങ്ങൾ പുലർത്തുന്നതായി എനിക്ക് വിവരം ലഭിച്ചിരുന്നു. ഭാവിയിലും ഇവ്വിധം സ്നേഹത്തോടെ ജീവിതം നയിക്കുമെന്ന് ഞാൻപ്രതീക്ഷിക്കുന്നു. ഈ പരിപാടി വളരെ നല്ലതായി എനിക്ക് തോന്നി. വളരെയധികം പേർ പരിപാടിയുടെ ഭാഗമായി.

ഒരതിഥി:എനിക്ക് ഈ പരിപാടി വളരെ ഇഷ്ടപ്പെട്ടു. ഹുദൂർ അൻവറിനെ വീണ്ടും കാണാൻ അവസരം ലഭിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇത്തരം അവസരം വളരെ സവിശേഷമായ അവസരമാണ്. നമ്മുടെ രാജ്യത്ത് മതപരമായ സ്വാതന്ത്ര്യമുണ്ടെന്നത് വളരെ വ്യക്തമായ കാര്യമാണ്. നമുക്കോരോരുത്തർക്കും ആരാധനാലയം നിർമിക്കാനുള്ള അവകാശമുണ്ട്. പരിപാടി വളരെ വിജയമായിരുന്നു.

ഒരതിഥി:ഞാൻ വളരെ പ്രഭാവിതനാണ്. സർവദേശീയ മതങ്ങളുടെ ചർച്ചകൾക്കുവേണ്ടി ഞാൻ സ്വയം പ്രവർത്തിച്ചതാണ്. അതുകൊണ്ട് എനിക്ക് ജമാഅത്തിനെ കുറിച്ച് ചെറിയ പരിചയമുണ്ടായിരുന്നു. എന്നാലിന്ന് എന്റെ അറിവിൽ വളരെ വർധനയുണ്ടായി. അന്തർദേശീയ മതങ്ങൾക്കിടയിൽ ചർച്ച വേണമെന്നതിൽ നിങ്ങൾ കൂടുതൽ ഊന്നൽ നല്കുന്നുവെന്നത് എന്നെ വളരെ പ്രഭാവിതനാക്കുന്നു. മ്യൂണിച്ചിനടുത്ത് ഒരുമിച്ചിരിക്കാനുള്ള സ്ഥലം ഒരുങ്ങിയിരിക്കുന്നു എന്നത് എനിക്ക് സന്തോഷമുണ്ട്. ഈ പരിപാടി അത്യന്തം മികച്ച രൂപത്തിൽ സംവിധാനം ചെയ്തിരിക്കുന്നു. സ്ഥലം നല്ലതാണ്. വേദി വളരെ നല്ലതാണ്. ഒരുപക്ഷേ, ഇതിനേക്കാൾ ഉത്തമമായി മറ്റൊന്ന് സാധ്യമല്ല. മതപരമായ സ്വാതന്ത്ര്യം ലോകത്താകമാനം ഒരു അടിസ്ഥാന കാര്യമാകേണ്ടതാണ്.

**2014 ജൂൺ 10 ചൊവ്വാഴ്ച**

രാവിലെ 04.20-ന് ന്യൂഫാഹൻ മസ്ജിദുൽ മഹ്ദിയിൽ ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

**കൂടിക്കാഴ്ചകൾ**

രാവിലെ 10.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബപരമായ കൂടിക്കാഴ്ചയ്ക്ക് തുടക്കമിട്ടു. ഇന്ന് പത്ത് കുടുംബങ്ങളിൽനിന്നുള്ള 37 അംഗ

**(പേജ് 1 ൽനിന്ന്)**

ത് അവരുടെ യഥാർഥ വാസസ്ഥലം മസ്ജിദ് തന്നെയാണ്. കാരണം മസ്ജിദ് മുഅ്മീനങ്ങൾ സംഘടിക്കുന്ന സ്ഥലമാണ്. ദുആകളുടേയും ദിക്റെ ഇലാഹിയുടേയും സ്ഥലമാണ്. അത്തരം സ്ഥലത്തുനിന്ന് സത്യസന്ധനായ പ്രേമിയ്ക്കും ബന്ധം വെക്കുന്നവനുമായ മനുഷ്യന് വേർപെട്ടിരിക്കാൻ സാധ്യമല്ല. എന്നാൽ, ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്, ജനങ്ങളുടെ ഗുണത്തിനു വേണ്ടി ചെയ്യുന്ന എല്ലാ പ്രവൃത്തിയും ദൈവസ്മരണയുടെ പ്രതിനിധിയാണ്; അത് നീതിനിയമങ്ങളെ സംബന്ധിച്ചാണെങ്കിലും അല്ലെങ്കിൽ വഴക്കുകളും കലഹങ്ങളും സംബന്ധിച്ചാണെങ്കിലും വിദ്യാഭ്യാസത്തെ സംബന്ധിച്ചാണെങ്കിലും അല്ലെങ്കിൽ മുസ്ലിമീങ്ങളുടെ അഭിവൃദ്ധിയും അധഃപതനവും സംബന്ധിച്ചാണെങ്കിലും വേണ്ടില്ല. നബി(സ)തിരുമേനിയുടെ കാലഘട്ടം നോക്കുകയാണെങ്കിൽ വഴക്കുകളുടെ വിധികളും മസ്ജിദുകളിലാണ് നടന്നിരുന്നത്. കോടതിയും അവിടെത്തന്നെയായിരുന്നു. വിദ്യാഭ്യാസവും അവിടെത്തന്നെയാണ് നടന്നിരുന്നത്. ഇതിൽനിന്ന് മനസ്സിലാകുന്നത് മസ്ജിദുകൾ അല്ലാഹ് അല്ലാഹ് എന്നുപറയുന്നതിന് മാത്രമല്ലായിരുന്നുവെന്നാണ്. പ്രത്യുത ജനകീയാവശ്യങ്ങളുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും മസ്ജിദുകളിലാണ് നടക്കുമായിരുന്നത്. കാരണം ഇസ്ലാമിൽ ദൈവസ്മരണയെന്നത് സുബ്ഹാനല്ലാഹ്, സുബ്ഹാനല്ലാഹ് എന്നു പറയുന്നതിന്റെ പേരുമാത്രമല്ല. പ്രത്യുത ആരെങ്കിലും വിധവയെ സേവിക്കുകയാണെങ്കിൽ അതും ദീൻതന്നെയാണ്. ആരെങ്കിലും യത്തീമുകളെ പരിപാലിക്കുകയാണെങ്കിൽ അതും ദീനാണ്. ആരെങ്കിലും ആളുകളുടെ വഴക്ക് തീർക്കുകയും അവരെ രഞ്ജിപ്പിലാക്കുകയും ചെയ്യുന്നെങ്കിൽ അതും ദീനാണ്. അതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നതും ജനങ്ങളുടെ ധാർമികപരവും ഭൗതികപരവുമായ അവസ്ഥകൾ ഉയർത്തുന്നതുമായ സകല പ്രവൃത്തികളും ദൈവസ്മരണയിൽപ്പെടുന്നു. അവ മസ്ജിദിൽ വച്ച് ചെയ്യുന്നത് അനുവദനീയമാണ്. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ഏതെങ്കിലും അതിഥി വന്നാൽ അവിടന്ന് മസ്ജിദിൽത്തന്നെ സ്വഹാബത്തിനോടു ഇന്ന അതിഥി വന്നിട്ടുണ്ട്, ആരാണ് അദ്ദേഹത്തെ കൂടെകൊണ്ടുപോകുക എന്ന് ചോദിക്കുമായിരുന്നു. ബാഹ്യമായി നോക്കുമ്പോൾ ഇതു ഭക്ഷണത്തിന്റെ പ്രശ്നമായിരുന്നു. പക്ഷേ, യഥാർഥത്തിൽ ദീനായിരുന്നു. കാരണം അതുമുഖേന ഒരു ദീനീപരമായ ആവശ്യമാണ് നിറവേറ്റപ്പെടുന്നത്. ആളുകൾ അബദ്ധവശാൽ ദീനിന്റെ അർഥങ്ങളെ വളരെ പരിമിതപ്പെടുത്തിക്കളഞ്ഞു. വാസ്തവത്തിൽ ദീൻ ഇറക്കപ്പെട്ടിട്ടുള്ളത് മനുഷ്യൻ അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനാണ്. അല്ലാഹുവിനെ കൂടാതെ ഒരു സേവനവും മനുഷ്യനിൽനിന്ന് കിട്ടുകയില്ല. പ്രത്യുത അത് അനാഥരെ പരിപാലിക്കുന്നതുകൊണ്ടാണ് ലഭിക്കുന്നത്. അത് വിധവകളെ സേവിക്കുന്നതുകൊണ്ടാണ് ലഭിക്കുന്നത്. അവിശ്വാസികളെ പ്രബോധനം ചെയ്യുന്നതുകൊണ്ടാണ് ലഭിക്കുന്നത്. മുഅ്മിനീങ്ങളെ മുസ്വീബത്തുകളിൽനിന്ന് രക്ഷപ്പെടുത്തുന്നതുകൊണ്ടാണ് ലഭിക്കുന്നത്. ഇക്കാര്യങ്ങൾ മസ്ജിദുകളിൽ സ്മരിക്കപ്പെടുമ്പോൾ അത് ഭൗതികമല്ല, പ്രത്യുത അത് ദീനിന്റെ തന്നെ ഭാഗമായിരിക്കും. ശരിതന്നെയാണ്, മസ്ജിദുകളിൽ വെറും വ്യക്തിപരമായ പ്രവൃത്തികളെ സംബന്ധിച്ച് പറയുന്നത് നിഷിദ്ധമാണ്. ഉദാഹരണത്തിന് നിങ്ങളാരോടെങ്കിലും നിങ്ങളുടെ മകളുടെ വിവാഹത്തെ സംബന്ധിച്ച് തീരുമാനമെന്തുണ്ടായി എന്നു ചോദിക്കുന്നത്! അല്ലെങ്കിൽ എന്റെ ജോലിക്കയറ്റത്തെ സംബന്ധിച്ച് വഴക്കുണ്ട്, ഓഫീസർ സമ്മതിക്കുന്നില്ല എന്നു പറയുന്നത്! ഇക്കാര്യങ്ങൾ മസ്ജിദിൽ പറയുക അനുവദനീയമല്ല;ഇമാമിനൊഴികെ! കാരണം ഇമാമിന്റെ ചുമതല പൊതുജനങ്ങളുമായി ബന്ധപ്പെട്ടതാണ്. ആവശ്യമെന്നു കണ്ടാൽ അക്കാര്യങ്ങളെ സംബന്ധിച്ചും ആളുകളോടു സംസാരിക്കുക എന്നത് അയാളുടെ അവകാശമാണ്. എന്തായാലും മസ്ജിദിൽ വെറും വ്യക്തിപരമായ ജോലികളെ സംബന്ധിച്ച് സംസാരിക്കുന്നത് നിഷിദ്ധമാണ്. ഉദാഹരണത്തിന് നബി(സ)തിരുമേനി പറഞ്ഞു: ആരുടെയെങ്കിലും എന്തെങ്കിലും വസ്തു കളഞ്ഞുപോയാൽ അയാൾ അത് മസ്ജിദിൽ വിളംബരം ചെയ്യരുത്. അതുകൊണ്ടു മസ്ജിദുകളെന്നത് വെറും ദൈവസ്മരണയ്ക്കുവേണ്ടി മാത്രമുള്ളതല്ല. പക്ഷേ, ദൈവസ്മരണ എന്നത് മനുഷ്യന്റെ മതപരം രാഷ്ട്രീയപരം വിജ്ഞാനപരം ജനതയുടെ ഉന്നമനം അഭിവൃദ്ധി എന്നിവ അടങ്ങിയതാണ്. പക്ഷേ, വഴക്ക്, തമ്മിലടി, കലഹം, നിയമലംഘനം തുടങ്ങിയവയുമായി ബന്ധപ്പെട്ടതൊന്നും, അതിന്റെ പേര് മതപരമെന്നും രാഷ്ട്രീയപരമെന്നും ദേശീയപരമെന്നും വെച്ചാൽപോലും മസ്ജിദുകളിൽ വിളിച്ചു പറയുക അനുവദനീയമല്ല. ഇപ്രകാരം മസ്ജിദുകളിൽ വ്യക്തിപരമായ കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നതും നിഷിദ്ധമാണ്. കാരണം ഇസ്ലാം മസ്ജിദിനെ ബയ്ത്തുല്ലാ ആയി നിശ്ചയിക്കുകയും അതിനെ അല്ലാഹുവിന്റെ സ്മരണയ്ക്കായി പ്രത്യേകപ്പെടുത്തുകയും ചെയ്തിരിക്കുന്നു.(തഫ്സീറെ കബീർ വാള്യം 9, പേജ് 27-29).

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin